കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുതുനഗരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി.19-159/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 03.04.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുതുനഗരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുതുനഗരം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പി.കെ.ഡി.19-159/2019 തിയ്യതി: 03.04.2019

## പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09-08-2017 മുതൽ തിയതി 21-11-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-11-2018 മുതൽ<br>30-11-2018 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.എസ്.പ്രേമാനന്ദ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.പി.രമാദേവി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.കെ.വി.സുസ്മിത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സി.രാജശ്വരി | ഓഡിറ്റർ |
| ശ്രീമതി.ലിക്സി അലക്സ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എം.മുഹമ്മദ് ഫാറൂഖ് | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.എൻ.എൻ.മുഹമ്മദ് കാസിം | 1-4-2017 മുതൽ 12.07.17 വരെ.<br>1.8.17 മുതൽ 13.11.17 വരെ.<br>13.12.2017മുതൽ 31-3-2018 വരെ |
| | ശ്രീ.കെ.മുരളി (Addl.charge) | 13.07.17 to 31.07.2017<br>14.11.17 to 12.12.2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. വസന്ത.ആർ | 1-4-2017 മുതൽ 30.7.17 വരെ |
| | ശ്രീമതി.മഞ്ജു.എസ്. | 31.7.17 മുതൽ 24.09.17 വരെ |
| | ശ്രീമതി.ആഷ. ആർ | 25.09.2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ – 1 & II | ശ്രീ.പ്രദീപ് കുമാർ | 1-4-2017 മുതൽ 31-3-2018 വരെ |
| | ശ്രീമതി. സുദർശിനി | 1-4-2017 മുതൽ 31-3-2018 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.എച്ച്.എൻ.ആഗ്നസ് | 1-4-2017 മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.സജ്ന.ആർ | 1-4-2017 മുതൽ 3-04-17 വരെ<br>&<br>4.07.17 മുതൽ 15.10.2017 വരെ |
| | ശ്രീമതി.അനുഷ.ആർ | 16.10.2017 മുതൽ<br>25-12-17 വരെ &<br>08.02.2018 മുതൽ<br>31-03-18 വരെ |
| | ശ്രീ. ജി.സുരേഷ്കുമാർ | 3-04-17 മുതൽ 3-7-2017 വരെ |
| | ശ്രീ.സേതു | 26-12-17 മുതൽ 7-2-2018 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ. സത്യംഗപാണി | 1-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ. ബർദീഷ.കെ.പി | 1-4-2017 മുതൽ 28-2-2018 വരെ |
| | ഡോ. ജ്യോതി.പി.ആർ | 1-3-2018 മുതൽ 31-3-2018 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.ഷീജ.എസ് | 1-4-2017 മുതൽ 31-3-2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.പ്രിൻസി.എസ് | 1-4-2017 മുതൽ 31-3-2018 വരെ |
| അസി.സെക്രട്ടറി | ശ്രീ. സിറോഷ് | 1-4-2017 മുതൽ 15.06.17 വരെ |
| | ശ്രീ.പ്രദീപ്.എസ്. | 16.06.17 മുതൽ |

| | | |
|---|---|---|
| | | 15-1-2018 വരെ |
| " " | ശ്രീമതി.സിന്ധു.സി.എൻ | 16.01.18 മുതൽ<br>31-3-2018 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റ 2017-18 വർഷത്തെ ബജറ്റ് 8-03-2017 ലെ ഭരണസമിതി തീരുമാനം നമ്പർ 1 പ്രകാരം അംഗീകരിച്ച

മുന്നിരിപ്പ് - 16784840

വരവ് - 65794726

ആകെ - 82579566

ചെലവ് - 66287308

നീക്കിയിരിപ്പ് - 16292258

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-7-2018 | 2-06-2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 02.07.2018 മുതൽ 04.07.2018 വരെ | നം.കെ.എസ്.എ-പികെഡി.21/1904(20)/2018 തിയതി:29-8-2018 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4692012 |
| വരവ് | 42291218 |
| ആകെ | 46983230 |
| ചെലവ് | 44731509 |
| നീക്കിയിരിപ്പ് | 2251721 |

# 1-5 ഫണ്ട് വിനിയോഗം

2017-18 വർഷത്തെ ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | 0 | 10490000 | 10490000 | 7693733 | 2796267 |
| വികസനഫണ്ട് എസ്.സി.പി | 0 | 5370718 | 5370718 | 3879627 | 1491091 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 2541000 | 2541000 | 2507606 | 33394 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 2591000 | 2591000 | 2254628 | 336372 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 4926232 | 4926232 | 4672279 | 253953 |
| കെ.എൽ.ജി. എസ്. ഡി.പി central | 0 | 1779755 | 1779755 | 1617121 | 162634 |
| കെ.എൽ.ജി. എസ്. ഡി.പി സ്റ്റേറ്റ് | 0 | 653856 | 653856 | 625238 | 28618 |
| എം.എൻ. ആർ.ഇ.ജി. എസ്- അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 44509 | 1176932 | 1221441 | 1210610 | 10831 |
| എം.എൻ. ആർ.ഇ.ജി. എസ്-തൊഴി ലാളികളുടെ വേതനം | 0 | 13639144 | 13639144 | 13639144 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്- ബ്ലോക്ക് പഞ്ചായത്ത് (Appropriation Register പ്രകാരം) | 129000 | 2294400 | 2294400 | 1135000 | 1288400 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്- ജില്ലാ പഞ്ചാ യത്ത് | 0 | 1150000 | 1150000 | 1150000 | 0 |

| | | | | | |
|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | 918538 | 5955000 | 6873538 | 6411329 | 462209 |
| ICDS - കേന്ദ്രവിഹിതം | 247489 | 588064 | 835553 | 0 | 835553 |
| തനത് ഫണ്ട്-ബാങ്ക് | 3728965 | 7322677 | 11051642 | 8810752 | 2240890 |
| ബി ഫണ്ട്-UEA | 0 | 35040 | 35040 | 35040 | 0 |
| ബി ഫണ്ട്-Marriage assistance | 0 | 240000 | 240000 | 240000 | 0 |
| ബി ഫണ്ട്-കൃഷി | 0 | 222900 | 222900 | 222900 | 0 |
| തനത് ഫണ്ട് | 2120200 | 6692579 | 8812779 | 7936764 | 876015 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 133 | 44259993 | 95 | 27604205 | 38 | 71.43% |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 71 % മാത്രമാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 62% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്- | 0 | 13639144 | 13639144 | 13639144 | 0 |
| ഭരണചെലവ് | 44509 | 1176932 | 1221441 | 1210610 | 10831 |

# 1-8 ക്ഷേമപദ്ധതികൾ

ഓഡിററ് കാലയളവിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 66 | 35040 |
| വിധവാപെൻഷൻ | 798 | 9282500 |
| വാർദ്ധക്യകാലപെൻഷൻ | 1050 | 12730600 |
| കർഷക തൊഴിലാളി പെൻഷൻ | 223 | 2489200 |
| വികലാംഗപെൻഷൻ | 202 | 2331400 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-11-2018 ന് 2.30 pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 33460 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ചചെയത് പാസാക്കുകയും ചെയ്തിട്ടുണ്ട്. വാർഷിക കണക്കുകൾ സ്ഥാപനത്തിന്റെ ഇടപാടുകളേയും പ്രവർത്തനങ്ങളേയും കൃത്യമായി പ്രതിഫലിപ്പിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് രേഖകൾ തീപ്പിടുത്തം, കളവ്, പുറമേ നിന്നുള്ള ഇടപെടലുകൾ, വ്യാജരേഖ ചമക്കൽ എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള മതിയായ ക്രമീകരണങ്ങൾ നടത്തിയിട്ടില്ല.

പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും login, password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത്
തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക തൊട്ടടുത്ത ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം

സെക്രട്ടറിയും ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.
ബ്ലാങ്ക് ചെക്കുകൾ മുൻകൂർ ഒപ്പിട്ട് വെക്കുന്ന രീതി സ്ഥാപനത്തിൽ നിലവിലില്ല. ഇഷ്യൂ ചെയ്ത ചെക്കുകൾ റിയലൈസ് ചെയ്യുന്നത് ശ്രദ്ധിച്ച് മടങ്ങി വരുന്ന ചെക്കുകൾ ചെക്ക്/ഡി.ഡി. രജിസ്റ്ററിൽ ചേർത്ത് ക്യാൻസൽ ചെയ്യുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും ഡി.സി.ബി., കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം സ്ഥാപനത്തിലുണ്ട്. ടാക്സുകൾ നിയമപ്രകാരമുള്ള നിരക്കുകളിൽ തന്നെയാണ് ഈടാക്കുന്നത്. ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. പിരിഞ്ഞ് കിട്ടാനുള്ള തുകകൾ കൃത്യമായി കണക്കാക്കി അടുത്ത വർഷത്തേക്ക് ക്യാരിഓവർ ചെയ്യുന്നുണ്ട്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കപ്പെടുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമക്കുന്നുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനവും ഇല്ല. എന്നാൽ ആസ്തികൾ കൃത്യമായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ്

വില്പന നടത്താൻ ശ്രദ്ധിക്കുന്നുണ്ട്.

WINDOWS-IKM സോഫ്റ്റ്‌വെയറുകൾ ആണ് സ്ഥാപനത്തിൽ ഉപയോഗിച്ചു വരുന്നത്. സാംഖ്യ സോഫ്റ്റ്‌വെയറിൽ updation നടക്കുമ്പോൾ നിലവിലുള്ള data സുരക്ഷിതമായി നിലനിൽക്കുന്നില്ല എന്ന പ്രശ്നം ഉണ്ട്. വരവു ഭാഗവുമായി ബന്ധപ്പെട്ട് സാംഖ്യ സോഫ്റ്റ്വെയറുമായി Link ചെയ്തിരിക്കുന്ന വസ്തുനികുതിക്കു വേണ്ടി തയ്യാറാക്കിയ ഒരു സോഫ്റ്റ് വെയർ മാത്രമാണുള്ളത്. കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വേറും ജനനമരണ സർട്ടിഫിക്കറ്റ്, ഓണർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്ന സോഫ്റ്റ്‌വേറും പ്രാബല്യത്തിലുണ്ട്. എല്ലാ വരവിനങ്ങളുടെയും ഡിമാന്റ് കലക്ഷൻ രജിസ്റ്ററുകൾ സാംഖ്യാ സോഫ്റ്റ്‌വേറുമായി ബന്ധിപ്പിക്കുന്ന രീതിയിൽ സോഫ്റ്റ്‌വേറുകൾ ലഭ്യമാവേണ്ടതുണ്ട്. ബഡ്ജറ്റിനും സാംഖ്യയുമായി Link ചെയ്തിരിക്കുന്ന സോഫ്റ്റ് വെയർ ഉണ്ടെങ്കിൽ വരവു ചെലവുകളിൻമേൽ നിയന്ത്രണം എളുപ്പത്തിൽ സാദ്ധ്യമാവും. എല്ലാ നികുതിയിനങ്ങളും Online ആയി അടക്കാനുള്ള സംവിധാനവും, ആവശ്യമായ സർട്ടിഫിക്കറ്റുകൾ Online ആയി Generate ചെയ്യുവാനുമുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം കാലതാമസം കൂടാതെ ലഭ്യമാവാൻ സഹായകരമാവും. ഇപ്പോൾ Onlineൽ ലഭ്യമാവുന്ന സേവനങ്ങൾ സംബന്ധിച്ച് ഗ്രാമ സഭ മുഖേന ജനങ്ങളെ ബോധ്യപ്പെടുത്തുകയും ആവശ്യമെങ്കിൽ പരിശീലനം നൽകുകയും ചെയ്യാവുന്നതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.10.2018 | 09/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.2.11 to 11.03.11 | 2005-06 to 2009-10 | 8.4.2011 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

*ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയ രേഖകൾ, സഞ്ചയ സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തലുകൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.*

1. അനുവദനീയമല്ലാത്ത ഇളവ് നൽകി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 'ഓഫീസ് ആവശ്യം' എന്ന ഉപയോഗ ഗണത്തിലുൾപ്പെട്ട കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് 150 ശതമാനമായി പരിമിതപ്പെടുത്തിയിരിക്കുന്നതിനാൽ നികുതി നിർണ്ണയത്തിൽ കുറവുണ്ടായിട്ടുണ്ട്. ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന്റെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീറ്ററിൽ) | പഴയ നികുതി | പുനർ നിർണ്ണയിച്ച നികുതി (സഞ്ചയ പ്രകാരം) | പരിമിതപ്പെട്ടുത്തിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | 1/136 | ഈശ്വരൻ | 19.66 | 108 | 866 | 270 | 596 |
| 2 | 3/112 | സെക്രട്ടറി, സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 36 | 47 | 1296 | 118 | 1178 |
| 3 | 3/131 | അബ്ദുൾ റസാക്ക് | 10.83 | 76 | 520 | 190 | 330 |
| 4 | 3/164 | ചാന്ത് മുഹമ്മദ് | 30 | 246 | 1440 | 585 | 855 |
| 5 | 3/336 | ജില്ലാ സൂപ്രണ്ട് ഓഫ് പോലീസ്, പുതുനഗരം | 139 | 103 | 5560 | 258 | 5302 |
| 6 | 3/337 | ജില്ലാ സൂപ്രണ്ട് ഓഫ് പോലീസ്, പുതുനഗരം | താഴത്തെ നില-83<br>ഒന്നാം നില-70 | 512 | 6578* | 1280 | 5298 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | 5/203 | തഹസിൽദാർ, വില്ലേജ് തെരുവ് | 48.95 | 329 | 1763 | 823 | 940 |
| 8 | 6/181 | അബ്ദുൾ സുക്കൂർ | 12 | 132 | 576 | 330 | 246 |
| 9 | 7/201 | രുഗ്മണി | 25 | 190 | 1000 | 475 | 525 |
| 10 | 8/49 | എം.എം. അബ്ദുൾ വഹാബ് ഹാജിയാർ | 8 | 103 | 288 | 258 | 30 |
| 11 | 9/258 | ജെയിൻ | 122 | 369 | 5368 | 923 | 4445 |
| 12 | 10/212 | സത്യഭാമ | 15 | 219 | 600 | 548 | 52 |
| 13 | 10/239 | അബ്ദുൾ സലാം | 10 | 38 | 440 | 95 | 345 |
| 14 | 11/387 | ശശികുമാർ | 35 | 38 | 1260 | 95 | 1165 |
| 15 | 12/284 | വാസു, പ്രസിഡണ്ട് | 31 | 33 | 868 | 83 | 785 |
| 16 | 12/289 | കേശവൻ, സിദ്ധാർത്ഥൻ etc | 58 | 83 | 1856 | 208 | 1648 |
| ആകെ കുറവ് | | | | | | | 23740 |

*ഫോറം 6 പ്രകാരം രണ്ടു നിലകളുടെയും ഒരുമിച്ചുള്ള നികുതിയാണ് കണക്കാക്കിയിട്ടുള്ളത്. ഒന്നാം നിലയ്ക്ക് 5% ഇളവു നൽകി ചട്ടപ്രകാരം ഈടാക്കേണ്ട നികുതിയാണ് ചേർത്തിട്ടുള്ളത്.

27.04.2015 ലെ സ.ഉ(എം.എസ്)നം.144/15/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച വസ്തുനികുതി പരിഷ്കരണത്തിന്മേലുള്ള ഭേദഗതി ഉത്തരവിലെ ക്രമ നം.3 പ്രകാരം വാണിജ്യ, വ്യവസായ വിഭാഗങ്ങളിലുൾപ്പെട്ട നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് 100 ശതമാനത്തിൽ പരിമിതപ്പെടുത്താവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ഗണത്തിലുൾപ്പെടുന്നില്ല. ചട്ടം 9(5) പ്രകാരം ബഹുനില കെട്ടിടങ്ങൾക്ക് അനുവദനീയമായ ഇളവ് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയാണ് മേൽ പട്ടികയിൽ കാണിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് 150 ശതമാനത്തിൽ പരിമിതപ്പെടുത്തി ഇളവ് നൽകിയിരിക്കുന്നത്. എന്നാൽ മേൽപട്ടികയിലെ ക്രമ നം.6 ഒഴികെയുള്ള കെട്ടിടങ്ങളെല്ലാം തന്നെ ഒറ്റനില കെട്ടിടങ്ങളാണ്.

ഉപയോഗക്രമം, ബഹുനില കെട്ടിടങ്ങൾ എന്നിവയ്ക്ക് നൽകാവുന്ന ഇളവുകൾക്ക് മേൽ

സൂചിപ്പിച്ച കെട്ടിടങ്ങൾക്ക് അർഹതയില്ല. വസ്തുനികുതി ചട്ടം, സർക്കാർ ഉത്തരവ് എന്നിവയ്ക്ക് വിരുദ്ധമായി അനർഹമായ ഇളവുകൾ നൽകി വസ്തുനികുതി പുനർനിർണ്ണയിച്ചതിലൂടെ ഒരോ വർഷവും 23740 രൂപ വീതം ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നുണ്ട്. ചട്ടപ്രകാരം നിലവിലില്ലാത്ത ഇളവുകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നിർണ്ണയിക്കുമ്പോൾ ഉണ്ടാവുന്ന അപാകത പരിഹരിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>2. തറ വിസ്തീർണത്തിന്റെ പരിധിയ്ക്ക് ആനുപാതകമായി നികുതി നിർണയിക്കാത്തതിനാൽ വസ്തുനികുതി നഷ്ടം</u>

100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള വാണിജ്യ കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് 40 രൂപയും, 100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് 60രൂപയും ആണ് പഞ്ചായത്തിൽ നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ വസ്തുനികുതിയിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഓഡിറ്റിൽ പരിശോധിച്ചതും അപ്രകാരം വസ്തുനികുതി നിർണയിച്ചതിനാൽ നഷ്ടം ഉണ്ടായിട്ടുള്ളതുമായ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | ഉടമസ്ഥൻ | തറ വിസ്തീർണം | പഴയ നികുതി | ഉപയോഗതരം തെറ്റായി രേഖപ്പെടുത്തി നിർണയിച്ച വസ്തു നികുതി | യഥാർത്ഥത്തിൽ ഈടാക്കേണ്ട വസ്തു നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | 3/296 | മൊയ്തീൻ | 143.42 | 5103 | 6541 | 10206 | 3665 |
| 2 | 3/302 | സാലുദ്ദീൻ | 191.57 | 5103 | 9195 | 10206 | 1011 |
| 3 | 3/490 | ജില്ലു അബ്ദുൾകലാം | 120.36 | പുതിയ കെട്ടിടം | 5778 | 8666 | 2888 |
| 4 | 4/549 | നജ്മൽ ഹുസൈൻ | 119.92 | പുതിയ കെട്ടിടം | 5757 | 8634 | 2877 |
| ആകെ കുറവ് | | | | | | | 10441 |

ഇത്തരത്തിൽ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തലുകൾ ഉള്ള മറ്റുകെട്ടിടങ്ങൾ ഉണ്ടെങ്കിലും, പഴയനികുതി വളരെ കുറവായതിനാലും ചട്ടപ്രകാരം പുനർനിർണയിക്കുമ്പോൾ വർദ്ധനവ് 100 ശതമാനത്തിൽ പരിമിതപ്പെടുത്തിയിട്ടുള്ളതിനാലും വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവു വന്നിട്ടില്ല.

ഉദാ:- 3/300 (242.52 ച.മീ), 3/298 (220 ച.മീ), 7/202 (200 ച.മീ), 8/48 (157 ച.മീ), 9/257 (122 ച.മീ). എന്നിരുന്നാലും മേൽ കെട്ടിടങ്ങളെ തറവിസ്തീർണത്തിന് ആനുപാതകമായി ഉപയോഗക്രമം രേഖപ്പെടുത്തി അപാകത പരിഹരിക്കേണ്ടതാണ്.

സഞ്ചയയിലെ ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ സ്വീകരിച്ചു വരുന്നതിനാൽ മേൽ അപാകതകൾ എത്രയും പെട്ടെന്ന് പരിഹരിച്ച് വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.12, തീയതി-28-11-2018നുള്ള മറുപടിയിൽ നികുതിയിനത്തിലെ നഷ്ടം സോഫ്റ്റ്‌വെയർ മുഖാന്തിരം പരിഹരിച്ച് കെട്ടിട ഉടമസ്ഥരിൽ നിന്നും നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്)

## 2-2 സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്. നിയമാനുസൃതമായി ഏർപ്പെടുത്താവുന്ന സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നം.12, തീയതി-28-11-2018)

## 2-3 ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 4 മൊബൈൽ ടവറുകളിൽ ബി.എസ്.എൻ.എൽ-ന്റെ ഉടമസ്ഥതയിലുള്ള ഒരു ടവറിന്റെ ഒഴികെ മറ്റു ടവറുകളുടെയെല്ലാം വസ്തുനികുതി ഈടാക്കിയിട്ടുണ്ട്. കുടിശ്ശികയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വാർഡ് നം./വാർഡിന്റെ പേര് | 5/ചന്തപ്പേട്ട വട്ടാരം |
| ടവർ ഉടമ | ബി.എസ്.എൻ.എൽ |
| ഇൻസ്റ്റലേഷൻ നടത്തിയ വർഷം | 2000-01 |
| ടവർ നം. | 324 |
| നിർണയിച്ച വസ്തുനികുതി | 4620 |
| ആകെ കുടിശിക | 23100 |
| കുടിശ്ശിക ഏതു വർഷം മുതൽ | 2013-14 |

ഓഡിറ്റ് അന്വേഷണം നം.6, തീയതി-26-11-2018 ന്റെ മറുപടിയിൽ കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഡിമാന്റ് വിവരങ്ങൾ പരിശോധിച്ചപ്പോൾ തുക ഡിമാന്റ് ചെയ്ത് കത്ത് അയച്ചിട്ടുള്ളത് ടവർ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഉടമയ്ക്കാണ്. തുക ഈടാക്കുന്നതിന് ബി.എസ്.എൻ.എൽ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-4 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

എ) വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഒന്നാം അർദ്ധവർഷം

| ജീവനക്കാരുടെ പേര് | സ്ഥാപനത്തിൻെറ പേര് | അർദ്ധ വാർഷിക വരുമാനം | യഥാർത്ഥ നികുതി | വാങ്ങിയ നികുതി | വ്യത്യാസം |
|---|---|---|---|---|---|
| പി.ശശിധരൻ | മാനേജർ, പാലക്കാട് വനിതാ ഗ്രാമ വ്യവസായ സംഘം, കരിപ്പോട്. | 30000 | 300 | 180 | 120 |
| നിധീഷ്.എസ്. | അസിസ്റ്റൻറ് ബ്രാഞ്ച് ഹെഡ്, മണപ്പുറം ഫൈനാൻസ് | 78500 | 750 | 600 | 150 |
| പ്രീജ.ബി | ജൂനിയർ അസിസ്റ്റൻറ്, മണപ്പുറം ഫൈനാൻസ് | 84500 | 750 | 600 | 150 |
| ജ്യോതി.എൻ | ജൂനിയർ അസിസ്റ്റൻറ്, മണപ്പുറം ഫൈനാൻസ് | 44600 | 300 | 450 | 150 |
| ബീന.എം. | സെക്രട്ടറി ഇൻചാർജ്ജ് ക്ഷീരോദ്പാദക സഹകരണസംഘം, കരിപ്പോട് | 45000 | 450 | 180 | 270 |
| പ്രശാന്ത് | പി.ഡബ്ള്യൂ.ഡി | 75000 | 750 | 600 | 150 |

രണ്ടാം അർദ്ധവർഷം

| ജീവനക്കാരുടെ പേര് | സ്ഥാപനത്തിൻെറ പേര് | അർദ്ധ വാർഷിക വരുമാനം | യഥാർത്ഥ നികുതി | വാങ്ങിയ നികുതി | വ്യത്യാസം |
|---|---|---|---|---|---|
| സുഹറാബി | അറ്റഡൻർ ഗ്രേഡ്-2,<br>ഗവ.ആയുർവേദിക് ഡിസ്പെൻസറി പുതുനഗരം | 138420 | 1250 | 1000 | 250 |
| ജ്യോതി.എൻ | ജൂനിയർ അസിസ്റ്റൻറ്, മണപ്പുറം ഫൈനാൻസ് | 59430 | 450 | 600 | 150 |

ബി) താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഒന്നാം അർദ്ധവാർഷിക നികുതി അടച്ചിട്ടില്ല.

1.മുംതാജ് മഹൽ

2.ഇസാഫ് സ്മോൾ ഫൈനാൻസ് ബാങ്ക്, പുതുനഗരം.

സി) താഴെപ്പറയുന്നവ രണ്ടാം അർദ്ധവാർഷിക നികുതി അടച്ചിട്ടില്ല

1.സപ്ലൈകോ.

2.ഷെരീഫ്.വൈ. ഓവർസിയർ ഗ്രേഡ് 1, എൽ.എസ്.ജി.ഡി.

ഡി) കോ-ഓപ്പേറ്റീവ് റൂറൽ ക്രെഡിറ്റ് സൊസൈറ്റി ജീവനക്കാരുടെ 1, 2 അർദ്ധവാർഷിക നികുതി അടവാക്കിയിട്ടില്ല.

ഇ) താഴെപ്പറയുന്ന സ്ഥാപനങ്ങളും അവയിലെ ജീവനക്കാരും തൊഴിൽനികുതി അടച്ചിട്ടില്ല.

1.ജനസേവന ലബോട്ടറി ആൻഡ് ഇ.സി.ജി(ജീവനക്കാരുടെ എണ്ണം-

2.എം.വി.ഡെൻറൽ ക്ളിനിക്. (ജീവനക്കാരുടെ എണ്ണം-2)

3.ആൽഫ ഡെൻറൽ സ്പെഷ്യാലിറ്റി ക്ളിനിക്.(ജീവനക്കാരുടെ എണ്ണം

4.സുധർമ്മ സ്പെഷ്യാലിറ്റി ലബോട്ടറി.(ജീവനക്കാരുടെ എണ്ണം-

5.നീതി ഡയഗനോസ്റ്റിക് സെൻ്റർ .(ജീവനക്കാരുടെ എണ്ണം-3)

6.ആർദ്ര ആയുർവേദിക് ക്ലിനിക്.(ജീവനക്കാരുടെ എണ്ണം-2)
തുകകൾ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.9/27.11.18)

# 2-5 ഡി & ഒ ലൈസൻസ്

എ) ഭേദഗതി ചട്ടം പ്രകാരം ഡി & ഒ ലൈസൻസ് ഫീസ് പിരിക്കേണ്ടതാണ്

1. 31.10.2017 തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ്(അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം 2017 പ്രകാരം അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ് ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിൻ്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് മൂലധന നിക്ഷേപത്തിൻ്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടത്. ആയതിലേയ്ക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതാണ് എന്ന ഓഡിറ്റ് അന്വേഷണം നമ്പർ-19, തിയതി –29/11/2018 ന് "ഉടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ് "എന്ന മറുപടിയാണ് പഞ്ചായത്ത് നല്കിയിരിക്കുന്നത്. വിറ്റുവരവിൻ്റെ അടിസ്ഥാനത്തിനു പകരം മൂലധന നിക്ഷേപത്തിൻ്റെ അടിസ്ഥാനത്തിലാണ് ഡി & ഒ ലൈസൻസ് ഫീസ് പഞ്ചായത്ത് ഈടാക്കേണ്ടത്.

ബി) ഡി & ഒ ലൈസൻസിന് ആവശ്യമായ രേഖകൾ ഹാജരാക്കാതെ സ്ഥാപനം പ്രവർത്തിക്കുന്നു

1) സെക്രട്ടറി (പുതുനഗരം സേവന സഹകരണ ബാങ്ക് ലിമിറ്റഡ്)യുടെ നടത്തിപ്പിലുള്ള രാസവളം വില്പനയ്ക്കുള്ള കടയ്ക്ക് ഡി & ഒ ലൈസൻസിന് ആവശ്യമായ ഒരു രേഖയും ഹാജരാക്കിയിട്ടില്ല. തുടർന്നും ലൈസൻസ് പുതുക്കി നല്കിയതിൻെറ കാരണം വിശദമാക്കേണ്ടതാണെന്നുള്ള എൻക്വയറിയ്ക്ക് മറുപടിയായി, ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കി ഓഡിറ്റിൻെറ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് പഞ്ചായത്ത് ബോധിപ്പിച്ചിട്ടുണ്ട്.

2)ഷനൂബ്, s/o അഹമ്മദ് കബീർ, കുളത്തുമേട് എന്ന വ്യക്തിയ്ക്ക് പുതുനഗരം ഗ്രാമപഞ്ചായത്തിലെ 8/593 നം കെട്ടിടത്തിൽ ജാസ്മിൻ ഫ്യുവൽസ് എന്ന പെട്രോൾ പമ്പ് പ്രവർത്തിപ്പിക്കുന്നതിനായി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിനായി ഫയർ എൻ.ഒ.സി. നല്കിയ ഡിവിഷണൽ ഓഫീസർ, (ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്)നല്കിയ രേഖയിൽ ഫ്രെഷ് എൻ.ഒ.സി വാങ്ങിച്ചിട്ടേ പെട്രോളിയം സ്റ്റോർ ചെയ്യാൻ തുടങ്ങാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരമുള്ള ഒരു ഫ്രെഷ് എൻ.ഒ.സി ഈ സ്ഥാപനം വാങ്ങിച്ചതായി കാണുന്നില്ല.

എന്നിട്ടും ഡി&ഒ ലൈസൻസ് പുതുക്കി നല്കിയതിൻെറ കാരണം വിശദമാക്കേണ്ടതാണ് എന്ന ഓഡിറ്റ് അന്വേഷണത്തിന്, മേൽ വ്യക്തിയുടെ ഫയൽ പരിശോധിച്ച് ന്യൂനത പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതാണ് എന്ന് പഞ്ചായത്ത് മറുപടിയിൽ ബോധിപ്പിച്ചിട്ടുണ്ട്.

3)പി.കെ.ഷംസുദ്ദീൻ, വിരിഞ്ഞിപ്പാടം, പുതുനഗരം എന്ന വ്യക്തിയുടെ കെ.ജെ.ബി. പ്ളാസ്റ്റിക്സ് എന്ന സ്ഥാപനത്തിന് പൊല്യൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റും ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് എൻ.ഒ.സി യും, ഫയർ എൻ.ഒ.സി യും സമർപ്പിച്ചിട്ടില്ല. പ്രസ്തുത സർട്ടിഫിക്കറ്റുകൾ ഒന്നും ഹാജരാക്കാത്ത മേൽവ്യക്തിയുടെ സ്ഥാപനത്തിന് ഡി & ഒ ലൈസൻസ് പുതുക്കി നല്കിയതിൻെറ കാരണം വിശദമാക്കേണ്ടതാണ് എന്ന ഓഡിറ്റ് അന്വേഷണത്തിന്, ഇദ്ദേഹത്തിൻെറ അപേക്ഷ പരിശോധിച്ച് 24.03.2017ലെ ബി 2/1417/17 കത്ത് പ്രകാരം എൻ.ഒ.സി സമർപ്പിക്കുന്ന മുറയ്ക്ക് ലൈസൻസ് അനുവദിക്കുമെന്ന അറിയിപ്പ് നല്കിയിട്ടുള്ളതാകുന്നു എന്ന് പഞ്ചായത്ത് മറുപടി നല്കിയിട്ടുണ്ട്.

4)കെ. സി. സത്യഭാമ, കരിപ്പോട് പി.ഒ. എന്ന വ്യക്തി നടത്തുന്ന സത്യഭാമ സോ മില്ലിന് ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറ് എൻ.ഒ.സി ലഭ്യമല്ല എന്ന ചൂണ്ടിക്കാണിച്ചിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന്, 27.03.2017ാം തിയതിയിലെ ബി2/1417/17 നമ്പർ കത്ത് പ്രകാരം എൻ.ഒ.സി സമർപ്പിക്കുന്ന മുറയ്ക്ക് ലൈസൻസ് അനുവദിക്കുമെന്ന അറിയിപ്പ് നല്കിയിട്ടുള്ളതാകുന്നു എന്ന് പഞ്ചായത്ത് മറുപടി നല്കിയിട്ടുണ്ട്.

5)അനീന. വി ആൻഡ് അർച്ചനാഗീത, നെല്ലിമേട്, പുതുനഗരം എന്നിവരുടെ ഉടമസ്ഥതയിലുള്ള വെൽടെക്ക് ലാബ് ആൻഡ് ഇ.സി.ജി.യ്ക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റ് ഇല്ല.

ന്യൂനത പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് എന്ന് പഞ്ചായത്ത് മറുപടി നല്കിയിട്ടുണ്ട്.

6) പുതുനഗരം ഗ്രാമപഞ്ചായത്തിൻെറ കീഴിലുള്ള ജീപ്പ് ഡ്രൈവർ, പമ്പ് ഓപ്പറേറ്റർമാർ എന്നിവരുടെ തൊഴിൽ നികുതി അടവാക്കാത്തതിൻെറ കാരണം

ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിനു അവ ഈടാക്കാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കുന്നതാണ് എന്ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ചവരുടെ തൊഴിൽ നികുതി എത്രയും വേഗം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 പഞ്ചായത്ത് വക മത്സ്യമാർക്കറ്റ് ഗ്രൗണ്ട് ലേലം - ലേലത്തുക കുടിശ്ശിക അടവാക്കാത്തതിനാൽ പഞ്ചായത്തിനു ഭീമമായ നികുതിനഷ്ടം

2017 മാർച്ച് 22 ന് കൂടിയ പഞ്ചായത്ത് ഭരണസമിതി യോഗം മിനിട്ട്സ് തീരുമാനം 4 പ്രകാരം, 20.03.2017-ൽ നടന്ന ലേലം (പഞ്ചായത്ത് മത്സ്യമാർക്കറ്റ് ഫീസ് പിരിക്കുന്നത് സംബന്ധിച്ച്) അംഗീകരിക്കുന്നതിനായി ലേലത്തിൽ പങ്കെടുത്തവരുടെ വിശദാംശങ്ങൾ പരിശോധിച്ചിട്ടുണ്ട്. താഴെപ്പറയുന്ന 3 പേരാണ് ലേലത്തിൽ പങ്കെടുത്തതായി കാണിച്ചിട്ടുള്ളത്.

| ക്രമനമ്പർ | പേര് | തുക |
|---|---|---|
| 1 | അസ്‌റഫ് അലി | 2,74,000 |
| 2 | സലീം | 2,75,000 |
| 3 | അൻവർഷ | 2,72,000 |

ഇവരിൽ കൂടുതൽ തുകയ്ക്ക് ലേലം വിളിച്ച ശ്രീ.സലീം, s/o ഹസ്സൻ മുഹമ്മദ്, തെക്കത്തിവട്ടാരം, പുതുനഗരം എന്നയാൾക്കാണ് പഞ്ചായത്ത് ലേലം ഉറപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഭരണസമിതി തീരുമാനമറിയിച്ചുകൊണ്ടുള്ള പുതുനഗരം ഗ്രാമപഞ്ചായത്തിൻെറ നമ്പർ ബി-2-2021/2017 കത്തിൽ ലേലത്തുക പഞ്ചായത്തിൽ അടവാക്കേണ്ടതിനെപ്പറ്റിയും അല്ലാത്തപക്ഷം സ്വീകരിക്കപ്പെടുന്ന നടപടികളേപ്പറ്റിയും വിശദമാക്കുന്നുണ്ട്. അതിൻപ്രകാരം ലേലത്തുകയായ 2,75,000 രൂപ ഗഡുക്കളായി 22,917 രൂപ വീതം എല്ലാ മാസവും 5-ാം തിയതിക്കകം ഗ്രാമപഞ്ചായത്ത് ഓഫീസിൽ അടക്കേണ്ടതാണെന്നും വീഴ്ച വരുത്തുന്ന പക്ഷം 18% പിഴ (വാർഷിക നിരക്ക്) ഈടാക്കുന്നതാണെന്നും വ്യക്തമായി പറയുന്നുണ്ട്.

എന്നാൽ പഞ്ചായത്ത് മത്സ്യമാർക്കറ്റ് ഫീസ് പിരിക്കുന്നത് ലേലം കൊണ്ട ശ്രീ.സലീം 2017 ഏപ്രിൽ മുതൽ ലേലസംഖ്യ അടവാക്കിയിട്ടില്ല എന്ന് ഗ്രാമപഞ്ചായത്ത് ഇദ്ദേഹത്തിന് അയച്ച എ5-3434/17 കത്തിൽനിന്നും വ്യക്തമാണ്. ലേലത്തുകയായ 2,75,000 രൂപയും ആ തുകയുടെ പിഴപ്പലിശയും ചേർന്ന് ആകെ 2,83,041 രൂപ നിലവിൽ പഞ്ചായത്തിൽ ശ്രീ. സലീം അടവാക്കാനുണ്ട്.

2016-17ൽ ഇതേ പഞ്ചായത്ത് മത്സ്യമാർക്കറ്റ് ഫീസ് പിരിക്കുന്നത് ലേലം കൊണ്ട ശ്രീ മുഹമ്മദ് ഹനീഫ s/o വെള്ളപ്പറാവുത്തർ , പള്ളിബസാർ, പുതുനഗരം എന്ന വ്യക്തിയും ലേലതുക അടവാക്കാതെ 91,000രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് പഞ്ചായത്തിന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം- 10, തിയതി – 27/11/2018 ) നല്കിയതിനു മറുപടിയായി താഴെപ്പറയുന്ന കാര്യങ്ങൾ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

എ.) ലേലത്തുക 12 ഗഡുക്കളായി അടവാക്കുന്നതിനായി 25.03.2017-ാം തിയതിയിലെ ബി2-2021/2017 നമ്പർ കത്ത് പ്രകാരം അറിയിപ്പ് നല്കുകയും എന്നാൽ തുക ഒന്നും അടവാക്കാത്തതിനാൽ നേരിട്ടും ഫോൺ മുഖേനയും നിരവധി തവണ അറിയിപ്പ് നല്കുകയും, തുടർന്നും അടവാക്കാത്തതിനാൽ 12.02.2018, 28.04.2018, 28.05.2018, 03.07.2018, 03.08.2018 എന്നീ തിയതികളിൽ 3434/2018 കത്ത് മുഖേനയും അറിയിപ്പ് നല്കുകയും ചെയ്തെങ്കിലും ശ്രീ.സലീം തുക അടവാക്കുകയോ, അടവാക്കാതിരിക്കാനുള്ള മതിയായ കാരണം ബോധിപ്പിക്കുകയോ ചെയ്യാത്തതിനാൽ ടി വിഷയം ഭരണസമിതിയെ അറിയിക്കുകയും, 31.08.2018-ാം തിയതിയിലെ 16(1) നമ്പർ ഭരണസമിതി തീരുമാനപ്രകാരം ലേലത്തുക ഈടാക്കുന്നതിനായി കേസ് ഫയൽ ചെയ്യുകയും, ആയതിനായി വക്കീലിനെ ഫയൽ ഏല്പിക്കുകയും ചെയ്തിട്ടുണ്ട്.

ബി.) 2015-16 പഞ്ചായത്ത് മത്സ്യമാർക്കറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം കൊണ്ട ശ്രീ മുഹമ്മദ് ഹനീഫ s/o വെള്ളപ്പറാവുത്തർ, പള്ളിബസാർ, പുതുനഗരം എന്ന വ്യക്തി അടവാക്കേണ്ട 91,000 രൂപ ഈടാക്കുന്നതിനായി 01.03.2016 ന് കത്ത് നല്കുകയും ആയതിന് 03.03.2016-ാം തിയതിയിൽ ലേലത്തുക അടവാക്കുന്നതിന് നിവൃത്തി ഇല്ലാത്തതിനാൽ ലേലത്തുക കുറവു ചെയ്തു തരണമെന്ന് ടിയാൻ അപേക്ഷിക്കുകയും, ആയത് ഭരണസമിതി ചർച്ച നടത്തുകയും 23.03.2016 ലെ 8(2) നമ്പർ തീരുമാനപ്രകാരം ലേലത്തുക കുറവ് ചെയ്യേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്യുകയും, ആയത് 26.03.2016ാം തിയതിയിലെ ബി2 -1981/16 നമ്പർ കത്ത് പ്രകാരം അറിയിപ്പ് നല്കുകയും ചെയ്തിട്ടുണ്ട്.

ലേലത്തുക ഈടാക്കുന്നതിനായി 01.04.2016, 09.02.2017, 21.02.2018,

11.05.2018 എന്നീ തിയതികളിൽ അറിയിപ്പ് നല്കുകയും തുക അടവാക്കാത്തതിനാൽ ടി തുക ഈടാക്കുന്നതിനായി 17.03.2018-ാം തിയതിയിലെ 6(1) നമ്പർ പ്രകാരം ബഹു. കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട് എന്ന മറുപടിയാണ് പഞ്ചായത്ത് നല്കിയിട്ടുള്ളത്.

ഇത്രയും ഭീമമായ കുടിശ്ശിക പഞ്ചായത്തിന് വൻ വരുമാന നഷ്ടത്തിനു കാരണമാകുന്നതിനാൽ കേസ് കോടതിയിൽ തീർപ്പാകുന്ന മുറയ്ക്ക് കുടിശ്ശിക അടവാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 2-7 വെള്ളക്കരം -കുടിശ്ശിക പിരിച്ചെടുക്കണം

പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വെള്ളക്കരം രജിസ്റ്റർ പരിശോധനയിൽ 3,11,125/- രൂപ കുടിശ്ശിക ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്രയധികം കുടിശ്ശിക വരാനുള്ള കാരണവും, ഈ കുടിശ്ശിക അടവാക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതാണെന്നുമുള്ള ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-5, തിയതി –26/11/2018) മറുപടിയായി, കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കുടിവെള്ള പദ്ധതികളുടെ കണക്ഷൻ കൈമാറിത്തന്ന ലിസ്റ്റിൽ ഗുണഭോക്താക്കളുടെ വ്യക്തമായ മേൽവിലാസം ഇല്ലാത്തവയായിരുന്നു എന്നും പഞ്ചായത്ത് മെമ്പർമാരുടേയും പൊതുപ്രവർത്തകരുടേയും സഹായത്താൽ കുടിശ്ശിക വരുത്തിയവരെ കണ്ടെത്തി സംഖ്യ ഈടാക്കിവരുന്നു എന്നുമാണ് പറഞ്ഞിരിക്കുന്നത്.

നേരിട്ടുള്ള അന്വേഷണത്തിൽ യഥാസമയം കുടിവെള്ളം ലഭിക്കുന്നില്ല എന്ന പരാതികൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും കുടിവെള്ള കണക്ഷൻ റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിക്കാൻ ഗുണഭോക്താക്കൾ വിമുഖത കാണിക്കുകയാണെന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമാണ്. 18.12.2017, 22.02.2018, 26.02.2018 എന്നീ തിയതികളിൽ ഗുണഭോക്താക്കൾക്ക് അറിയിപ്പ് കാർഡ് അയച്ചിട്ടുണ്ടെന്നും അതനുസരിച്ച് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് പൂർവാധികം ശ്രദ്ധ ചെലുത്തി റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടി സ്വീകരിച്ച് കുടിശ്ശിക സംഖ്യ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ്

# നിരീക്ഷണങ്ങൾ

## 3-1 സേവന നികുതിയിനത്തിൽ കരാറുകാരൻ കൈപ്പറ്റിയ തുക ഒടുക്കിയില്ല. ₹.61,686/- തിരികെ ഈടാക്കണം.

പ്രൊജക്ട് നം.91/18 (126/17):

അടങ്കൽ – 1400000(ലോകബാങ്ക് ധനസഹായം)

ചെലവ് – 1089789

(2016-17) – 464551

ബിൽ നമ്പർ 26/31.10.17 -625238

പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് ഹാൾ നിർമ്മാണം എന്ന പ്രവൃത്തിയുടെ കരാറുകാരന് ബിൽ തുകയോടൊപ്പം സേവനനികുതിയിനത്തിൽ ₹.61,686/- നൽകിയിരുന്നു. എന്നാൽ സേവനനികുതി ഒടുക്കിയതിന്റെ രസീതി ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/29-11-2018) മറുപടി ലഭ്യമാക്കിയിട്ടില്ല. സേവന നികുതി ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കാത്ത പക്ഷം സേവന നികുതിയിനത്തിൽ അനുവദിച്ച തുക കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത്ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-2 കരാർ പ്രകാരമുള്ള സമയത്ത് പ്രവൃത്തി പൂർത്തിയാക്കാതിരുന്നിട്ടും കാലതാമസത്തിനുള്ള പിഴ ഈടാക്കിയിട്ടില്ല.

കരാർ കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും 1% മാത്രം പിഴ കുറവു ചെയ്തിട്ടാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. കരാർ പ്രകാരം പൂർത്തിയാക്കേണ്ട കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ അനുവദിച്ച സമയത്തിന്റെ അഞ്ചിൽ ഒന്ന് സമയം ഗ്രേസ് പിരിയഡ് ആയി അനുവദിക്കേണ്ടതും തുടർന്നു വരുന്ന ആദ്യ മൂന്നു മാസത്തേക്ക് 1% നിരക്കിലും പിന്നീടുള്ള ഓരോ മൂന്നു മാസത്തിലും 2% നിരക്കിലും പിഴ ഈടാക്കിക്കൊണ്ടുമാത്രമേ പൂർത്തീകരണ സമയം നീട്ടി നൽകുകയുള്ളുവെന്ന കരാറിന്റെ ഖണ്ഡിക 7ൽ

വ്യക്തമാക്കിയിട്ടുണ്ട്. പിഴ ഈടാക്കിയതിൽ കുറവു വന്നതിന്റെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

a) 69/18(SO): മായൻ വീട് റോഡ് പുനരുദ്ധാരണം

അടങ്കൽ: രൂ:140000/- [ധനകാര്യ കമ്മീഷൻ അവാർഡ്+മെയിന്റനൻസ് ഗ്രാന്റ് (റോഡ്)]

ചെലവ്: രൂ:122793/- (ബിൽ നം.36/21.02.18:₹.12,793 & ബിൽ നം.35/21.02.18:₹.110,000 )

കരാർ നം.30/9.2.17 കരാർ തുക:രൂ:126,054/- കരാറുകാരൻ: ശ്രീ.എസ്.പ്രശാന്ത്

അളവു പുസ്തകം നം.93/14-15 ആകെ പ്രവൃത്തി മൂല്യം: രൂ:126,054/-

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 8.2.17 പൂർത്തീകരിച്ച തീയതി: 25.1.18

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ: 9.2.17 മുതൽ 26.02.17വരെ: ഗ്രേസ് പിരിയഡ് = 0 .00

പിഴ: 27.02.17 മുതൽ 26.05.17 വരെ: 126054*1% =1261.00

പിഴ: 27.05.17മുതൽ 26.08.17വരെ: 126054*2% =2521.00

പിഴ: 27.08.17മുതൽ 26.11.17വരെ: 126054*2% =2521.00

പിഴ: 27.11.17മുതൽ 26.02.18വരെ: 126054*2% =2521.00

പിഴ: ആകെ ഈടാക്കേണ്ടത് =8824.00

ഈടാക്കിയത് = 1261.00

കുറവ് = 7563.00

b) 78/18(SO): പടിഞ്ഞാറേകുളമ്പ് റോഡ് വികസനം

അടങ്കൽ: രൂ:140000/- [പ്ലാൻ - എസ്.സി.പി]

ചെലവ്: രൂ:112,910/- (ബിൽ നം.42/28.02.18:₹.112,910 )

കരാർ നം.27/9.2.17 കരാർ തുക:(15% below estimate)- 119000

കരാറുകാരൻ: ശ്രീ.എസ്.പ്രശാന്ത്

അളവ് പുസ്തകം നം.6/17-18 ആകെ പ്രവൃത്തി മൂല്യം: രൂ:136257

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: (3 മാസം) - 8.5.17 പൂർത്തീകരിച്ച തീയതി: 22.2.18

(അളവുപുസ്തകത്തിലെ രേഖപ്പെടുത്തലുകൾ പ്രകാരം 8.2.18 നാണ് പ്രവൃത്തി ആരംഭിച്ചത്

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ: 9.2.17 മുതൽ 26.02.17വരെ: ഗ്രേസ് പിരിയഡ് = 0 .00

പിഴ: 27.02.17 മുതൽ 26.05.17 വരെ: 119000*1% =1190/-

പിഴ: 27.05.17മുതൽ 26.08.17വരെ: 119000*2% =2380/-

പിഴ: 27.08.17മുതൽ 26.11.17വരെ: 119000*2% =2380/-

പിഴ: 27.11.17മുതൽ 21.02.18വരെ: 119000*2%*87/90 =2300/-

പിഴ: ആകെ ഈടാക്കേണ്ടത് =8250/-

ഈടാക്കിയത് = 1158/-

കുറവ് = 7092/-

c) 73/18(SO): വിശ്വകർമ്മ റോഡ് പുനരുദ്ധാരണം

അടങ്കൽ: രൂ:295000/- [പ്ലാൻ - എസ്.സി.പി]

ചെലവ്: രൂ:286023/- (ബിൽ നം.38/20.02.18:)

കരാർ നം.28/9.2.17 കരാർ തുക:( estimate rate)- 295000

കരാറുകാരൻ: ശ്രീ.എസ്.പ്രശാന്ത്

അളവ് പുസ്തകം നം.51/17-18 ആകെ പ്രവൃത്തി മൂല്യം: രൂ: 291690

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: - 31.3.17

പൂർത്തീകരിച്ച തീയതി: 2.2.18

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ: 9.2.17 മുതൽ 19.02.17വരെ: ഗ്രേസ് പിരിയഡ് = 0 .00

പിഴ: 20.02.17 മുതൽ 19.05.17 വരെ: 295000*1% =2950.00

പിഴ: 20.05.17മുതൽ 19.08.17വരെ: 295000*2% =5900.00

പിഴ: 20.08.17മുതൽ 19.11.17വരെ: 295000*2% =5900.00

പിഴ: 20.11.17മുതൽ 2.02.18വരെ: 291690*2%*75/90 =4917 .00

പിഴ: ആകെ ഈടാക്കേണ്ടത് =19667.00

ഈടാക്കിയത് = 2917.00

കുറവ് = 16750.00

d) <u>67/18(SO): കച്ചേരിവട്ടാരം റോഡ് വികസനം</u>

അടങ്കൽ: രൂ:38000/- [പ്ലാൻ - ]

ചെലവ്: രൂ:37620/- (ബിൽ നം.39/28.02.18:)
കരാറുകാരൻ: ശ്രീ.എസ്.പ്രശാന്ത്

അളവു പുസ്തകം നം.15/17-18 ആകെ പ്രവൃത്തി മൂല്യം: രൂ: 38000

കരാർ നം.55/20.3.17 കരാർ തുക:( estimate rate)- 38000

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: - 20.6.17

പൂർത്തീകരിച്ച തീയതി: 11.12.17

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ: 20.6.17 മുതൽ 8.06.17വരെ: ഗ്രേസ് പിരിയഡ് = 0 .00

പിഴ: 9.06.17 മുതൽ 8.09.17 വരെ:38000*1% =380.00

പിഴ: 9.09.17മുതൽ 8.12.17വരെ: 38000*2% =760.00

പിഴ: ആകെ ഈടാക്കേണ്ടത് =1140.00

ഈടാക്കിയത് =380 .00

കുറവ് = 760 .00

e)79/18(SO): പ്രിയദർശിനി കോളനി റോഡ് വികസനം

അടങ്കൽ: രൂ:50000/- [പ്ലാൻ - എസ്.സി.പി]

ചെലവ്: രൂ:38418/- (ബിൽ നം.39/28.02.18:)

കരാർ നം.38/28.2.17 കരാർ തുക:( estimate rate – 50,000/-)

കരാറുകാരൻ: ശ്രീ.അബ്ദുൾകരീം.കെ.എസ്

അളവു പുസ്തകം നം.54/17-18 ആകെ പ്രവൃത്തി മൂല്യം: രൂ: 38418)

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: - 31.5.17

പൂർത്തീകരിച്ച തീയതി: 6.12.17

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ: 1.6.17 മുതൽ 18.06.17വരെ: ഗ്രേസ് പിരിയഡ് = 0 .00

പിഴ: 19.06.17 മുതൽ 18.09.17 വരെ:50000 *1% =500.00

പിഴ: 19.09.17മുതൽ 18.12.17വരെ: 50000*2%*78/90 =867.00

പിഴ: ആകെ ഈടാക്കേണ്ടത് =1367.00

ഈടാക്കിയത് =380 .00

കുറവ് = 987 .00

f)80/18(SO): നടുവത്ത് കുളമ്പ് റോഡ് വികസനം

അടങ്കൽ: രൂ:80000/- [പ്ലാൻ - എസ്.സി.പി]

ചെലവ്: രൂ:75720/- (ബിൽ നം.54/27.03.18:)

കരാർ നം.54/20.3.17 കരാർ തുക:79240

കരാറുകാരൻ: ശ്രീ.ഷാഹുൽഹമീദ്

അളവു പുസ്തകം നം.14/17-18 ആകെ പ്രവൃത്തി മൂല്യം: രൂ: 78000)

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: - 20.6.17

പൂർത്തീകരിച്ച തീയതി: 23.3.18

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ: 20.6.17 മുതൽ 7.07.17 വരെ: ഗ്രേസ് പിരിയഡ് = 0 .00

പിഴ: 7.07.17 മുതൽ 6.10.17 വരെ: 79240 *1% =792/-

പിഴ: 7.10.17മുതൽ 6.1.18 വരെ: 79240*2% =1584/-

പിഴ: 7.1.18മുതൽ 23.3.18 വരെ: 79240*2%*76/90 =1338/-

പിഴ: ആകെ ഈടാക്കേണ്ടത് =3714/-

ഈടാക്കിയത് =780/-

കുറവ് = 2934/-

g)68/18(SO): പോലീസ് ക്വാർട്ടേഴ്സിന് പുറക് വശം റോഡ് വികസനം

അടങ്കൽ: രു:118000/- [ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ്: രു:114390/- (ബിൽ നം.41/28.02.18:)

കരാർ നം.58/31.3.17 കരാർ തുക:115569(2.06% കുറവ്)

കരാറുകാരൻ: ശ്രീ.രവിചന്ദ്രൻ

അളവു പുസ്തകം നം.141/15-16 ആകെ പ്രവൃത്തി മൂല്യം: രു: 122891)

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: - 30.6.17

പൂർത്തീകരിച്ച തീയതി: 31.10.17

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ: 1.7.17 മുതൽ 18.07.17 വരെ: ഗ്രേസ് പിരിയഡ് = 0 .00

പിഴ: 19.07.17 മുതൽ 18.10.17 വരെ: 115569 *1% =1155.00

പിഴ: 19.10.17 മുതൽ 31.10.17 വരെ: 115569*2%*13/90 =334

പിഴ: ആകെ ഈടാക്കേണ്ടത് =1489.00

ഈടാക്കിയത് =1155.00

കുറവ് = 334 .00

h)74/18: തെക്കത്തിവട്ടാരം മേലേക്കാട് റോഡ് വികസനം

അടങ്കൽ: രൂ:66000/- [ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ്: രൂ:27884/- (ബിൽ നം.44/28.02.18:)

കരാർ നം9/9.2.17 കരാർ തുക:64680(2% കുറവ്)

കരാറുകാരൻ: ശ്രീ.വി.എസ്.ഷാജഹാൻ

അളവ് പുസ്തകം നം.3/17-18 ആകെ പ്രവൃത്തി മൂല്യം: രൂ: 28740/-

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: - 8.5.17

പൂർത്തീകരിച്ച തീയതി: 15.2.18

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ: 8.5.17 മുതൽ 7.08.17വരെ: ഗ്രേസ് പിരിയഡ് = 0 .00

പിഴ: 8.08.17 മുതൽ 7.11.17 വരെ: 64680 *1% =647.00

പിഴ: 8.11.17മുതൽ 7.2.18വരെ: 64680*2%*13/90 =1294

പിഴ: 8.2.18മുതൽ 15.2.18വരെ: 64680*2%*13/90 =186

പിഴ: ആകെ ഈടാക്കേണ്ടത് =2127.00

ഈടാക്കിയത് =282.00

കുറവ് = 1845 .00

കുറവായി ഈടാക്കിയ ഫൈൻ തുക കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## **3-3** ഫയൽ ഹാജരാക്കിയില്ല- ചെലവ് തുക തടസപ്പെടുത്തുന്നു.

പ്രൊജക്ട് നം.125/18: കാട്ടത്തെരുവ് സ്കൂൾ പുനരുദ്ധാരണം (2015-16ലെ സ്പിൽ ഓവർ പദ്ധതി ഉൾപ്പെടുത്തൽ) എന്ന പദ്ധതിക്കായി ബിൽ നം.20/20.10.17 പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ₹.217,173/- അസിസ്റ്റന്റ് എഞ്ചിനീയർ മാറിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഫയൽ ഓഡിറ്റ് അന്വേഷണം നം.7/26-11-2018 പ്രകാരം ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല. ഫയൽ ഹാജരാക്കേണ്ടതിലേക്കായി

₹.217,173/-ന്റെ ചെലവ് തടസപ്പെടുത്തുന്നു.

## 3-4 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ - പൊതുവായ വിവരങ്ങൾ:

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച 86 പ്രൊജക്ടുകളിൽ 56എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചത്. വിശദവിവങ്ങൾ ചുവടെ ചേർക്കുന്നു.

| | സ്പിൽ ഓവർ | പുതിയത് | ആകെ |
|---|---|---|---|
| അംഗീകാരം ലഭിച്ചത് | 46 | 40 | 86 |
| പൂർത്തിയാക്കി ബിൽ തുക അനുവദിച്ചത് | 37 | 19 | 56 |

ചെലവഴിച്ച തുകയുടെ വിവരം:

| ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 4449583 | 658173 |
| വികസന ഫണ്ട് (എസ്.സി.പി) | 2601101 | 1732067 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1578039 | 1281361 |
| ലോക ബാങ്ക് ധനസഹായം | 2433598 | 1786122 |

| | | |
|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1178000 | 1117824 |
| തനത് ഫണ്ട് | 57255 | 47396 |
| ബ്ലോക്ക് പഞ്ചായത്ത്ഫണ്ട് | 1159400 | 0 |
| മെയ്ന്റനൻസ് ഫണ്ട് (റോഡ്) | 4496322 | 2507606 |
| മെയ്ന്റനൻസ് ഫണ്ട് (റോഡിതരം) | 1130500 | 947637 |
| മറ്റുള്ളവ | 52500 | 0 |
| ആകെ | 19136298 | 10078186 |

ഏറ്റെടുത്ത പ്രവൃത്തികളിൽ 65% പൂർത്തീകരിച്ചപ്പോൾ അനുവദിച്ച തുകയുടെ 53% മാത്രമാണ് ചെലവഴിക്കാനായത്. ത്രിതല പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കപ്പെട്ട ബഡ്ജറ്റ് മാന്വലിലെ സമയക്രമമനുസരിച്ച് തുടർ വർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കരാർ കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും 1% മാത്രം പിഴ കുറവു ചെയ്തിട്ടാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. കരാർ പ്രകാരം പൂർത്തിയാക്കേണ്ട കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ അനുവദിച്ച സമയത്തിന്റെ അഞ്ചിൽ ഒന്ന് സമയം ഗ്രേസ് പിരിയഡ് ആയി അനുവദിക്കേണ്ടതും തുടർന്നു വരുന്ന ആദ്യ മൂന്നു മാസത്തേക്ക് 1% നിരക്കിലും പിന്നീടുള്ള ഓരോ മൂന്നു മാസത്തിലും 2% നിരക്കിലും പിഴ ഈടാക്കേണ്ടതായിരുന്നു.

## 3-5 കരാർ പ്രകാരമുള്ള കാലയളവിൽ പ്രവൃത്തി

## പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം:

ജി.ഒ.(എം.എസ് )നം.72/2017/തസ്വഭവ , തിരുവനന്തപുരം, തീയതി: 29-03-2017 ഖണ്ഡിക 6.8(2) പ്രകാരം

സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽ ഓവർ ആയ അതേ വർഷം തന്നെ പൂർത്തിയാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18ൽ സ്പിൽ ഓവർ ആയ 46 പ്രവൃത്തികളിൽ താഴെ പറയുന്ന 9 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പ്രൊജക്ടിന്റെ നമ്പരും പേരും | അടങ്കൽ തുക (₹) | ഫണ്ട് വിവരം |
|---|---|---|---|
| 1 | 63/18: ചന്തപ്പേട്ടവട്ടാരം മിനി ഗ്രൗണ്ട് കനാൽ ബണ്ട് റോഡ് പുനരുദ്ധാരണം | 2,00,000 | MG (Road) |
| 2 | 72/18: മുണ്ടപ്പള്ളിക്കാട് റോഡ് പുനരുദ്ധാരണം | 35,000 | FC Grant |
| 3 | 75/18: താഴെ മാങ്ങോട് റോഡ് പുനരുത്ഥാരണം | 2,45,000 | MG (Road) |
| 4 | 76/18: വാരിയത്തുകളം റോഡ് വികസനം | 1,50,000 | Pl (SCP) |
| 5 | 77/18: പടിക്കൽപാടം പുതിയകോളനി റോഡ് പുനരുദ്ധാരണം | 1,70,322 | MG (Road) |
| 6 | 84/18: പുതുനഗരം ഷോപ്പിങ്ങ് കോംപ്ലക്സിൽ വനിതകൾക്കുള്ള ടോയ്‌ലറ്റ് നിർമ്മാണം | 1,00,000 | Pl (General) |
| 7 | 88/18: പുതുനഗരം PHC അറ്റകുറ്റപണികൾ | 60,094 | MG (Road) |
| 8 | 101/18: അടിച്ചിറ ജലസേചന ചാൽ നിർമ്മാണം | 2,00,000 | Pl (General) |
| 9 | 106/18: കൊല്ലത്തുപറമ്പ് മിനി കുടിവെള്ള പദ്ധതിക്ക് മോട്ടോർ റൂം സ്ഥാപിക്കൽ | 57,767 | WB(Aid) |

പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/23-11-2018) മറുപടി ലഭ്യമാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനം ഒപ്പുവെക്കുന്ന കരാറിന്റെ ഖണ്ഡിക 6ൽ അനുബന്ധമായി ചേർക്കുന്ന പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമായിരിക്കുമെന്ന് പറയുന്നുണ്ടെങ്കിലും ഇങ്ങനെയൊരു പ്രവർത്തന കലണ്ടർ തയ്യാറാക്കി കരാറിന്റെ അനുബന്ധമായി ചേർക്കുന്നില്ല. പ്രവർത്തന കലണ്ടർ തയ്യാറാക്കി കരാറിന്റെ ഭാഗമാക്കേണ്ടതാണ്. കരാർ പ്രകാരമുള്ള സമയത്ത് പ്രവൃത്തി പൂർത്തീകരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥനും, സ്റ്റാന്റിങ്ങ് കമ്മറ്റിയും, മോണിറ്ററിങ്ങ് കമ്മററിയും ശ്രദ്ധിക്കേണ്ടതാണ്. പ്രൊജക്ട് നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവുകളും മാർഗ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

## 3-6 കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് നിർബന്ധമായും സ്ഥാപിക്കണം

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം.17ൽ പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

29.03.2017ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.72/2017/ത.സ്വ.ഭ.വ ഖണ്ഡിക6.6(5)ൽ നിർമ്മാണ പ്രവൃത്തികളുടെ പൊതുവിവരങ്ങൾ അടങ്ങുന്ന ബോർഡ് പ്രവൃത്തിസ്ഥലത്ത് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനം ഒപ്പുവെക്കുന്ന കരാറിന്റെ ഖണ്ഡിക 28ൽ പ്രവൃത്തി സ്ഥലത്ത് വിവരങ്ങൾ കാണിക്കുന്ന സ്ഥാപിക്കുന്നതാണെന്ന് കരാറുകാരൻ സമ്മതിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് 2017-18ൽ പൂർത്തീകരിച്ച ഒരു പ്രവൃത്തിയിലും ബോർഡ് സ്ഥാപിച്ചതായി കാണുന്നില്ല. ഇനി മേലിൽ തയ്യറാക്കുന്ന എസ്റ്റിമേറ്റിൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള ചെലവു കൂടി ഉൾപ്പെടുത്തേണ്ടതും കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം-17ൽ പറയും പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി സ്ഥലത്ത് ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.

ചട്ടപ്രകാരം താഴെ പറയുന്ന വിവരങ്ങൾ ബോർഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

1. പ്രവൃത്തിയുടെ പേര്:

2. പ്രവൃത്തി നിർവ്വഹിക്കുന്നത് നേരിട്ടോ, കരാർ മുഖേനയോ, ഗുണഭോക്തൃക്കമ്മറ്റി

മുഖേനയോ എന്നത്.

3. കരാറുകാരന്റെ/ഗുണഭോക്തൃക്കമ്മറ്റി കൺവീനറിടേയും നിർവ്വഹണക്കമ്മറ്റി അംഗങ്ങളുടേയും പേരും വിലാസവും.

4. എസ്റ്റിമേറ്റ് തുകയും പൂർത്തീകരണ കാലയളവും.

5. പ്രവൃത്തി ആരംഭിക്കുന്ന തീയതിയും പൂർത്തീകരിക്കുന്ന തീയതിയും.

6. പ്രവൃത്തിക്കാവശ്യമായ സാധന സാമഗ്രികളുടേയും അവയുടെ ഗുണനിലവാരത്തിന്റെയും അവ എവിടെനിന്ന് എങ്ങനെ കൊണ്ടുവരും എന്നതിന്റെയും വിവരം.

7. കരാറുകാരന് അനുവദിച്ച ടെണ്ടർ നിരക്ക്.

8. ഗ്രാമ പഞ്ചായത്ത് നേരിട്ടോ ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ സാധന സാമഗ്രികളുടെ മാർക്കറ്റ് നിരക്ക്, ആവശ്യമായ തൊഴിലാളികളുടെ എണ്ണം, കൂലി നിരക്ക് തുടങ്ങിയ വിവരങ്ങൾ.

9. ഈ പ്രവൃത്തിക്കായി അനുവദിച്ച മുൻകൂർ തുകയുടെ വിവരം.

# 3-7 ക്ഷീരകർഷകർക്ക് സബ്സിഡി

പ്രൊജക്ട് – ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി ( 52/18)

| | ഗ്രാമപഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
|---|---|---|---|
| അടങ്കൽ | 100000 | 50000 | 50000 |
| ചെലവ് | 100000 | 50000 | 50000 |
| ബിൽ / ചെക്ക് നമ്പർ | 1/23.1.2018 | 1405883/18.1.18 | 1405887/27.3.18 |

പദ്ധതി പ്രകാരം 32 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. ക്ഷീരസംഘങ്ങളിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ കർഷകന് സബ്സിഡി നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. അംഗീകരിച്ച പ്രൊജക്ട് പ്രകാരം ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള കാലയളവിൽ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല എന്നും ആഗസ്റ്റ് മുതൽ ഫെബ്രുവരി വരെയുള്ള കാലയളവിൽ

പാലളക്കുന്ന ക്ഷീരകർഷകർക്കാണ് ആനുകൂല്യം ലഭിക്കുക എന്നും വ്യവസ്ഥയുണ്ട്. ക്ഷീരവകുപ്പിന്റെ ഡിബിടി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനാൽ ഇരട്ടിപ്പ് ഒഴിവാക്കാനാണ് എന്നും പ്രൊജക്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന പ്രകാരമാണ് സബ്സിഡി നൽകിയിട്ടുള്ളത്.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം | ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ പാൽ അളവ് |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | ജൂലായ് , ആഗസ്റ്റ് മാസങ്ങളിലെ പാൽ അളവ് |
| ജില്ലാ പഞ്ചായത്ത് വിഹിതം | സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ പാൽ അളവ് |

ഓഡിറ്റ് എൻക്വയറിക്ക് (14/27.11.18) മറുപടിയായി അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി ലക്ഷ്യം കൈവരിക്കാനുതകുന്ന വിധത്തിൽ പ്രൊജക്ട് രൂപീകരിക്കേണ്ടതും അംഗീകരിച്ച പദ്ധതിയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നിർവഹണം നടത്തേണ്ടതുമാണ്.

## 3-8 സമഗ്രനെൽകൃഷി വികസനപദ്ധതി - പദ്ധതി നടത്തിപ്പിലെ അപാകതകൾ

സമഗ്രനെൽകൃഷി വികസനം (2/18)

അടങ്കൽ - പ്ലാൻ - 2965000/-രൂ.

ജില്ല/ബ്ലോക്ക് വിഹിതം - 1870000/-രൂ.

തനത് ഫണ്ട് - 200

ഗുണഭോക്തൃവിഹിതം - 470400/-

സമഗ്രനെൽകൃഷി വികസനപദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയും പ്രകാരം ഉഴവ് കൂലി നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് വിഹിതം - 1870000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 770000/-

ജില്ലാ പഞ്ചായത്ത് വിഹിതം - 1100000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 770000/- രൂപ 27.12.2017 ന് സെക്രട്ടറി കൃഷി ഓഫീസറുടെ STSB -44 അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ 7.2.2018 ന് മാത്രമാണ് തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത് . സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച തുക വിനിയോഗിക്കാതെ 30 ദിവസത്തിലധികം അക്കൗണ്ടിൽ സൂക്ഷിച്ചത് ക്രമപ്രകാരമല്ല. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമാകുന്നതിനുള്ള കാലതാമസം കാരണമാണ് തുക ചെലവഴിക്കാൻ വൈകിയത് എന്ന് ഓഡിറ്റ് എൻക്വയറി ( 13/28.11.18) ക്കുള്ള മറുപടിയിൽ കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്.

2. ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുന്നതിലെ അപാകതകൾ

സമഗ്രനെൽകൃഷി വികസനപദ്ധതി പ്രകാരം KSSA യിൽ നിന്നും വാങ്ങിയ 13320 kg നെൽവിത്തിന്റെ വിലയിൽ 519100/- താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

ബിൽ നമ്പർ - 3/14-3-18 – 398800

ഗുണഭോക്തൃവിഹിതം - 120300 (Remitted to the Account of J.D, KSSA)

ഗുണഭോക്തൃവിഹിതമായ 120300 രൂപ കൃഷി ഓഫീസർ TR -5 Receipt മുഖേന പിരിച്ചെടുക്കുകയും 24.5.17 ന് നേരിട്ട് സീഡ് അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് ഒടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. പദ്ധതികളുടെ ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിന്റെ രസീതി മുഖേന (Form No. XXXIII) മുഖേന പിരിച്ച് ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിന് പകരം കൃഷി വകുപ്പിന്റെ രസീതി മുഖേന പിരിച്ച് നേരിട്ട് സീഡ് അതോറിറ്റിയ്ക്ക് നൽകിയത് ക്രമപ്രകാരമല്ല. തുടർ പദ്ധതികളിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട് എന്നും അപാകത ആവർത്തിക്കുകയില്ല എന്നും കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്.

## 3-9 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ -നിർവഹണത്തിലെ അപാകതകൾ

പ്രൊജക്റ്റ് – ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ (145/18)
നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ പ്ലാൻ - എസ്.സി.പി - 376090 ( 83 സൈക്കിൾ @ 4500, മറ്റു ചെലവ് - 2590)
ചെലവ് - 376090/- (ബിൽ നമ്പർ - 6/28.3.18 – 376090)

സൈക്കിൾ അനുവദിക്കുന്നതിനുള്ള പദ്ധതി പ്രകാരം 8 സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികളുടെ ലിസ്റ്റ് 20.1.18 ന് ആവശ്യപ്പെടുകയും 23.1.18 ന് യോഗ്യതയുള്ള 88 പേരുടെ ലിസ്റ്റ് ലഭ്യമാക്കുകയും ചെയ്തു. തുടർന്ന് 8.2.18 നാണ് ഭരണസമിതി 83 പേർക്ക് സൈക്കിൾ നൽകുന്നതിന് 376090/- രൂപ അടങ്കലുള്ള പദ്ധതി അംഗീകരിച്ചത്. ടെണ്ടർ ക്ഷണിക്കുകയും ജസ്റ്റ് ബൈ സൈക്കിൾ, പാലക്കാട് എന്ന സ്ഥാപനത്തിന്റെ 4500/- രൂപ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

17.3.18 ന് ലിസ്റ്റിലെ 88 പേർക്കും സൈക്കിൾ അനുവദിക്കുവാനും അടങ്കലിൽ അധികരിച്ച വരുന്ന ചെലവ് (88x4500 = 396000 – അടങ്കലിനേക്കാളും 19910 രൂപ അധികം) 2018-19 വർഷത്തിൽ പുതിയ പ്രൊജക്റ്റ് വച്ച് തുക നൽകുവാനും ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. 20.3.18 ന് കരാർ ഒപ്പുവയ്ക്കുകയും സപ്ലൈ ഓർഡർ പ്രകാരം 88 സൈക്കിൾ 27.3.18 ന് വിതരണം ചെയ്യുകയും ചെയ്തു. അടങ്കൽ തുകയായ 376090/- രൂപ മാത്രമാണ് തൻവർഷം നൽകിയിട്ടുള്ളത്. ഭരണാനുമതി ലഭിച്ച തുകയിൽ അധികരിച്ച് ചെലവ് ചെയ്യാവുന്നതല്ല എന്നതിനാൽ അടങ്കലിൽ കൂടുതൽ തുകയ്ക്ക് സൈക്കിൾ വാങ്ങൽ നടത്തിയത് നിയമാനുസൃതമല്ല. കൂടാതെ 2018-19 വർഷത്തെ സബ്സിഡി മാർഗരേഖയിൽ സൈക്കിൾ നൽകുന്നതിനുള്ള പദ്ധതികൾ അനുവദനീയവുമല്ല. എല്ലാ വിദ്യാർത്ഥികൾക്കും സൈക്കിൾ ലഭ്യമാക്കണം എന്ന ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അടങ്കലിൽ അധികരിച്ച് പർച്ചേസ് നടത്തിയത് എന്നും 2018-19 ൽ പദ്ധതി ഫണ്ടിൽ നിന്നും ബാലൻസ് തുക നൽകി എന്നുമാണ് അസിസ്റ്റന്റ് സെക്രട്ടറി (ഓഡിറ്റ് എൻക്വയറി – 18/29.11.18) അറിയിച്ചത്.

# 3-10 ഭിന്നശേഷി വിഭാഗക്കാർക്ക് ഉപകരണങ്ങൾ പദ്ധതി നടത്തിപ്പിലെ അപാകത

പ്രൊജക്ട് – ഭിന്നശേഷി വിഭാഗക്കാർക്ക് ഉപകരണങ്ങൾ അനുവദിക്കൽ (151/18)

നിർവ്വഹണം- ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ - പ്ലാൻ (ജ) – ₹.215800/-

തനത് ഫണ്ട് - 11567

ചെലവ് - ബിൽ നം.12/28.3.18 – ₹.215800/-

-വൗച്ചർ - 21701174/31-3-18 – ₹.11567/-

പദ്ധതി പ്രകാരം ഭിന്നശേഷികാർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 22.3.18 ന് കേരള സംസ്ഥാന വികലാംഗകോർപ്പറേഷന് സപ്ലൈ ഓർഡറും ഉപകരണങ്ങളുടെ ലിസ്റ്റും നൽകുകയും ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. 29.11.16ന് മഞ്ചേരി ഗവ.ഹോസ്പിറ്റലിലെ ഡോ. ബഷീർ ഗുണഭോക്താക്കളെ പരിശോധിച്ച്, തയ്യാറാക്കി നൽകിയ ലിസ്റ്റ് പ്രകാരമുള്ള ഉപകരണങ്ങളാണ് വാങ്ങി നൽകിയിട്ടുള്ളത്. മെഡിക്കൽ ക്യാമ്പ് നടത്തി നിലവിലെ ആവശ്യകത നിർണ്ണയിക്കാതെ ഒരു വർഷത്തിന് മുൻപുള്ള ലിസ്റ്റ് അടിസ്ഥാനമാക്കി ഉപകരണങ്ങൾ വാങ്ങി നൽകിയത് ക്രമപ്രകാരമല്ല. ഓഡിറ്റ് എൻക്വയറി (21/29.11.18 )

ഓരോ വ്യക്തിക്കും പ്രത്യേക സ്പെസിഫിക്കേഷനുള്ള ഉപകരണങ്ങൾ വേണം എന്നുള്ളതിനാൽ ഓരോരുത്തരേയും പരിശോധിച്ച് ആവശ്യമായ ഉപകരണങ്ങളുടെ പേരും സ്പെസിഫിക്കേഷനും നിശ്ചയിക്കേണ്ടതാണ് എന്ന് സബ്സിഡി മാർഗരേഖയിൽ (80/2017/ തസ്വഭവ/3.4.17) വ്യക്തമാക്കിയിട്ടുണ്ട്. താലൂക്ക് -ജില്ലാ ആശുപത്രികളിൽ നിന്നുള്ള വിദഗ്ദരാണ് (സ്പെഷലിസ്റ്റ് മെഡിക്കൽ ഓഫീസർ, ഓർത്തോട്ടിക് എഞ്ചിനീയർ, പ്രൊസ്റ്റെറ്റിക് എഞ്ചിനീയർ, ഓഡിയോളജിസ്റ്റ്, ഓപ്റ്റോമെട്രിസ്റ്റ്) പരിശോധന നടത്തേണ്ടത് എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ഹിയറിംഗ് എയ്ഡുകളാണ് പദ്ധതി പ്രകാരം കൂടുതലും വിതരണം ചെയ്തിട്ടുള്ളത്. വർഷങ്ങൾക്കു മുൻപ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത്തരം ഉപകരണങ്ങൾ വാങ്ങി നൽകുന്നത് പ്രയോജനപ്രദമല്ല. പദ്ധതി ആവിഷ്കരിക്കുമ്പോൾ മെഡിക്കൽ ക്യാമ്പ് നടത്തി ആവശ്യമായ ഉപകരണങ്ങളുടെ മതിപ്പ് വില തീരുമാനിക്കുകയും കാലതാമസമില്ലാതെ ഉപകരണങ്ങൾ വാങ്ങി നൽകുകയും ചെയ്യേണ്ടതാണ്. ഉപകരണങ്ങൾ ഉള്ളവർക്കുതന്നെ വീണ്ടും അവ നൽകാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

# 3-11 ഒ.ഡി.എഫ് പൂർത്തീകരണ പദ്ധതി - അവലോകനം

ഒ.ഡി.എഫ് പൂർത്തീകരണം (സ്പിൽ ഓവർ പദ്ധതി -61/18)

നിർഹണം - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ - 140500/-രൂ.

ചെലവ് -100100/-രൂ.

പദ്ധതി പ്രകാരം തൻവർഷം 5 ഗുണഭോക്താക്കൾക്ക് ടോയ്‌ലെറ്റ് നിർമ്മാണത്തിനായി സബ്സിഡി തുക അനുവദിച്ചിട്ടുണ്ട്. ഇതിൽ 4 പേർ നിർമ്മാണം പൂർത്തിയാക്കി സബ്സിഡി തുക(15400) പൂർണ്ണമായും കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ സുമിത്ര D/o.പാറു, വാരിയത്തുകളം എന്ന ഗുണഭോക്താവ് 7700/- രൂപ (bill–5/25.1.18) മുൻകൂറായി കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (22/29.11.18) മറുപടി ലഭ്യമായില്ല. ഒ.ഡി.എഫ് പദ്ധതി അവസാനിച്ചതിനാൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-12 ആരോഗ്യസുരക്ഷാ മേഖലയിൽ ആവശ്യകത വിലയിരുത്തി പദ്ധതി ആവിഷ്കരിക്കേണ്ടതാണ്

## എ)ഹോമിയോ മരുന്നു വാങ്ങൽ - വകയിരുത്തുന്ന തുകയുടെ പര്യാപ്തത വിലയിരുത്തേണ്ടതാണ്

പ്രൊജക്ട് നം.23/18 മുഖേന മെയിന്റനൻസ് ഫണ്ട് - റോഡിതരം ഫണ്ടിൽ നിന്നും അനുവദിച്ച 75000 രൂപയ്ക്ക് ഹോമിയോ ഡോക്ടർ നിർവ്വഹണോദ്യോഗസ്ഥനായി ഹോമിയോ മരുന്നുകൾ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ സമീപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിലെ ഹെൽത്ത് സെന്ററുകളിൽ നിന്നും ഹോമിയോ മരുന്നുകൾ ലഭ്യമാക്കിയിട്ടുള്ളതായി കാണുന്നു. നിലവിൽ ഹോമിയോ മരുന്നുകൾ വാങ്ങുന്നതിന് വകയിരുത്തിയിട്ടുള്ള തുക ഒരു വർഷത്തേയ്ക്ക് പര്യാപ്തമായതാണോ എന്ന് വിലയിരുത്തേണ്ടതും ആവശ്യമെന്നു തോന്നുന്ന പക്ഷം വികസനഫണ്ടിൽ നിന്നും, തുക പര്യാപ്തമല്ലാത്ത പക്ഷം മെയിന്റനൻസ് ഗ്രാന്റ് - റോഡിതരഫണ്ടിൽ നിന്നും വകയിരുത്താവുന്നതാണ്.

## ബി) കൈമാറിക്കിട്ടിയ ആരോഗ്യസ്ഥാപനങ്ങളുടെ ഭൗതിക, അടിസ്ഥാന

<u>സൗകര്യങ്ങൾക്ക് പരിഗണന നൽകേണ്ടതാണ്</u>

11-04-2017 – ലെ ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ് പരിശോധിച്ചപ്പോൾ ഓഡിറ്റ് വർഷത്തെ പരിഗണനയ്ക്കായി ഹോമിയോ ഡിസ്പെൻസറിയുടെ ഭൗതിക, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, പരിശോധനയ്ക്കാവശ്യമായ ഉപകരണങ്ങൾ മുതലായ ആവശ്യങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഇവ പരിഗണിക്കപ്പെട്ടിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം.20/29-11-2018 ന്റെ മറുപടി പ്രകാരം 2015-16, 2016-17 വർഷങ്ങളിലെ മരുന്നുകൾ ലഭ്യമാകുന്നതിൽ ഉണ്ടായ കാലതാമസമാണ് മറ്റു സെന്ററുകളിൽ നിന്നും മരുന്നുകൾ ലഭ്യമാക്കേണ്ടി വന്നത് എന്ന് അറിയിച്ചിട്ടുണ്ട്. ദിവസ ശരാശരി രോഗികളുടെ എണ്ണം 55-60 പേർ ഉണ്ടാവാറുണ്ട് എന്നതിനാൽ തുക അപര്യാപ്തമാണ് എന്നും അറിയിച്ചിട്ടുണ്ട്. ഫാർമസി മുറി, മരുന്ന് സ്റ്റോക്ക് മുറി, കബോർഡുകൾ, വാഷ്ബേയ്സിൻ മുതലായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)നം.72/2017 തീയതി-29-3-2017 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക നം.12.11 ൽ ആരോഗ്യ സുരക്ഷാ മേഖലയിൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ആവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൈമാറിക്കിട്ടിയ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉയർന്ന പരിഗണന നൽകിയാണ് പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകളിൽ ഉയർന്നു വരുന്ന ആവശ്യകതകൾ വിശകലനം നടത്തേണ്ടതും അത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുമാണ്.

# 3-13 മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പദ്ധതികളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ആരോഗ്യസുരക്ഷാമേഖലയുമായി ബന്ധപ്പെട്ട് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

എ) പാലിയേറ്റീവ് കെയർ പദ്ധതി

പ്രൊജക്ട് നം. 11/2018

അടങ്കൽ -550000 {350000(വികസന ഫണ്ട്) + 200000 (ബ്ലോക്ക് വിഹിതം)}

ചെലവ് -550000

പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി ബിൽ നം.7/15-2-2018 പ്രകാരം 21330/- രൂപ പിൻവലിച്ച് ആയതിൽ പാലിയേറ്റീവ് കെയർ ദിനാചരണം സംഘടിപ്പിക്കുന്നതിന് 9730/- രൂപ ചെലവു ചെയ്തിട്ടുണ്ട്. ദിനാചരണത്തിൽ ബോധവൽക്കരണത്തിന്റെ ഭാഗമായി ശിങ്കാരിമേളം നടത്തിയതിന് 4000/- രൂപ ചെലവഴിച്ചിട്ടുണ്ട് (വൗച്ചർ നം.423).

ബ്ലോക്ക് പഞ്ചായത്ത് വിഹിതം 200000/- രൂപയിൽ 149539/- രൂപ ചെക്ക് നം.35612/27-3-2018 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥന് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ ചെലവു രേഖകൾ പരിശോധിച്ചതിൽ പാലിയേറ്റീവ് കെയർ കുടുംബ സംഗമം നടത്തുന്നതിന് ആകെ 20000/- രൂപ ചെലവുണ്ട്. ചെലവിനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ചെലവിനം | തുക |
|---|---|
| ഭക്ഷണം | 9000<br>(150 പേർക്ക് 60 രൂപ നിരക്കിൽ) |

| | |
|---|---|
| ഗാനമേള | 5000 |
| ബാനർ, പ്രിന്റിംഗ്, മുതലായവ | 6000 |
| ആകെ | 20000 |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ *29-10-2015 ലെ സ.ഉ.(സാധാ)3217/2015* ഉത്തരവ് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരമാണ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തേണ്ടത്. കുടുംബ സംഗമം, ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ പ്രസ്തുത മാർഗ്ഗരേഖയിലെ *ഖണ്ഡിക 2.6.13* ൽ വ്യക്തമാക്കിയിട്ടുണ്ട്. അവ താഴെ ചേർക്കുന്നു.

- രജിസ്റ്റർ ചെയ്ത രോഗികൾക്കും കുടുംബാംഗങ്ങൾക്കും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമ്പോൾ രോഗികളുടെയും ഹോംകെയർ ടീമിൽ അംഗങ്ങളായി പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകരുടെയും വാർഷിക സംഗമം വിളിച്ചു ചേർക്കാവുന്നതാണ്.
- സംഗമം ആർഭാടരഹിതമായി സംഘടിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- പങ്കെടുക്കുന്ന ഓരോരുത്തർക്കും ഭക്ഷണ ചെലവിലേയ്ക്കായി 60 രൂപ വീതം ചെലവഴിക്കാവുന്നതാണ്.
- സംഗമത്തിന്റെ മറ്റു ചെലവുകൾക്കായി പരമാവധി 3000 രൂപ ചെലവഴിക്കാവുന്നതാണ്.
- കൂടുതൽ തുക ആവശ്യമായി വരുകയാണെങ്കിൽ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണ്

മേൽ വ്യവസ്ഥകൾക്കനുസൃതമല്ലാതെ പദ്ധതി തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം.8, തീയതി-27-11-2018 ന്റെ മറുപടിയിൽ പഞ്ചായത്ത് തലത്തിൽ പ്രാധാന്യം വരുന്ന പരിപാടിയായതിനാലും പങ്കാളിത്തം കൂടുതലായതിനാലുമാണ് ഇത്തരത്തിലുള്ള പരിപാടികൾ (ശിങ്കാരിമേളം, ഗാനമേള മുതലായവ) നടത്തിയതെന്നാണ് അറിയിച്ചിട്ടുള്ളത്. ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി നിർബന്ധിത ഫണ്ട് വകയിരുത്തി

നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് പദ്ധതി തുക ചെലവഴിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതും ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് പദ്ധതി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

ബി) പകർച്ചവ്യാധി രോഗ നിയന്ത്രണം

പ്രൊജക്ട് നം. 12/2018

അടങ്കൽ - 50000 (തനതു ഫണ്ട്)

ചെലവ് - 50000

പദ്ധതി പ്രകാരം താഴെ പറയുന്ന തിയ്യതികൾ KL-9-U-1156 എന്ന രജിസ്ട്രേഷൻ നമ്പറിലുള്ള വാഹനം ഒരേ ദിവസങ്ങളിൽ ഒരേ സമയങ്ങളിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കും പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ/മന്തു നിവാരണ പ്രവർത്തനങ്ങൾക്കായും ഉപയോഗിച്ചിട്ടുള്ളതായി വ്യത്യസ്ത വൗച്ചറുകൾ ഹാജരാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാഹനം ഓടിയ തിയ്യതികൾ | പാലിയേറ്റീവ് കെയർ പദ്ധതി | | പകർച്ചവ്യാധി രോഗ നിയന്ത്രണം | |
|---|---|---|---|---|
| | ചെക്ക് നം./ തിയ്യതി/തുക | നൽകിയ വാഹന വാടക | ബിൽ നം./ ചെക്ക്നം./ തിയ്യതി/ തുക. | നൽകിയ വാഹന വാടക |
| 4-1-2018 | 35510/ 10-1-2018/ 13200 | 1000 | 7/15-2-2018 /21330 | 1000 |
| 5-1-2018 | -ടി- | 1000 | -ടി- | 1000 |
| 10-3-2018 | 35614/ 31-3-2018/ 25600 | 1250 | 35612/ 27-3-2018/ 149539 | 1000 |
| 12-3-2018 | -ടി- | 1250 | -ടി- | 1000 |
| 13-3-2018 | -ടി- | 1250 | -ടി- | 1000 |
| | | | | 5000 |

രണ്ടു പദ്ധതികളുടെ വൗച്ചറുകളിലും രാവിലെ മുതൽ വൈകുന്നേരം വരെ വാഹനം വാടകയ്ക്കു വിളിച്ചിട്ടുള്ളതിനാണ് തുക നൽകിയിട്ടുള്ളത്. ഒരേ വാഹനം ഒരേ സമയങ്ങളിൽ രണ്ടു വ്യത്യസ്ത ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ളതായി രേഖപ്പെടുത്തി വാഹന വാടക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8, തീയതി-27-11-2018 ന്റെ മറുപടിയിൽ "Friends Travels എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാഹനം വാടകയ്ക്ക് വിളിക്കുന്നത്. വ്യത്യസ്ത വാഹനങ്ങളിലാണ് പ്രസ്തുത പരിപാടികൾ നടത്തിയത്, ട്രിപ്ഷീറ്റ് ഒരേ വാഹനത്തിന്റെ തന്നെ ലഭിച്ചതിനാൽ വൗച്ചർ നൽകിയതും ഒരേ വാഹനത്തിന്റെ തന്നെയായതു പാകപ്പിഴ സംഭവിച്ചതാണ്.ആയതു മാറ്റി വൗച്ചർ വയ്ക്കാമെന്നുമാണ്" അറിയിച്ചിട്ടുള്ളത്.
ഒരേ സമയങ്ങളിൽ രണ്ടു വ്യത്യസ്ത ആവശ്യങ്ങൾക്കായി ഒരു വാഹനത്തിന് തുക നൽകിയത് അംഗീകരിക്കാവുന്നതല്ല. അതിനാൽ പകർച്ചവ്യാധി രോഗ നിയന്ത്രണത്തിനായി നൽകിയ വാഹനവാടക 5000 രൂപ തിരികെ ഒടുക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- പദ്ധതി ചെലവുകൾ പ്രൊജക്ടിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തുകയും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

- ആരോഗ്യവുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ മോണിറ്റർ നടത്തുന്ന വർക്കിംഗ് ഗ്രൂപ്പ് പാലിയേറ്റീവ് കെയർ പ്രൊജക്ടുകളും മോണിറ്റർ നടത്തേണ്ടതാണ്.

- പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി), പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി (പി.ഐ.സി) എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

- പാലിയേറ്റീവ് കെയർ പ്രൊജക്ടിനു വേണ്ടിയുള്ള എല്ലാ ചെലവുകളും (ഗൃഹസന്ദർശന ദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത് ആ വ്യക്തിയുടെ/സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്കു തന്നെ നൽകേണ്ടതാണ്.

- പദ്ധതി നടത്തിപ്പിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 ലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.
  പകർച്ചവ്യാധി രോഗ നിയന്ത്രണത്തിനായി നൽകിയ വാഹനവാടക 5000/-

രൂപ തിരികെ ഒടുക്കേണ്ടതാണ്.

## 3-14 അംഗീകാരമില്ലാതെ ദിവസവേതനത്തിന് ആളെ നിയോഗിച്ചു.

ശ്രീമതി. ഭാനുമതി w/o.സത്യപ്രകാശ് എന്നവർക്ക് മസ്ററർ റോൾ പ്രകാരം പഞ്ചായത്തിലെ വിവിധ ക്ലറിക്കൽ ജോലികൾ ചെയ്യുന്നതിന് ദിവസ വേതനം താഴെ പറയുന്ന പ്രകാരം വിവിധ മാസങ്ങളിൽ നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ | തുക | മാസം |
|---|---|---|---|
| 1 | 2170090/2.5.17 | 7425 | മാർച്ചിലെ 11ദിവസത്തെ വേതനം(11x675) |
| 2 | 21700174/1.6.17 | 17750 | മെയ് മാസം (25x710) |
| 3 | 21700436/2.9.17 | 8100 | ഓഗസ്റ്റ് (12x675) |
| 4 | 21700662/10.11.17 | 3375 | ഒക്ടോബർ(5x675) |
| 5 | 21700770/3.1.18 | 2700 | ഡിസംബർ (4x675) |
| 6 | 21700941/7.2.18 | 7100 | ജനുവരി(10x710) |
| ആകെ | | 46450/- | |

ദിവസ വേതനത്തിന് ക്ലറിക്കൽ തസ്തികയിൽ നിയമനം നടത്തിയതിന്റെ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/29.11.2018) മറുപടിയായി ശ്രീമതി.ദിവ്യ, ക്ലർക്ക് 30.12.2017 മുതൽ 27.5.2018 വരെ മറ്റേണിറ്റി ലീവ് ആയിരുന്നു എന്നാണ് അറിയിച്ചത്.

ക്രമ നമ്പർ 1 മുതൽ 5 ഉൾപ്പെടെയുള്ള കാലയളവിൽ (മെയ് മുതൽ ഡിസംബർ വരെ) ദിവസവേതനത്തിന് നിയമിച്ചതിന് യാതൊരു കാരണവും കാണുന്നില്ല. മറ്റേണിറ്റി ലീവ് കാലയളവിൽ നിയോഗിക്കാമെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനം നടത്താവുന്നത്.

ആയതിനാൽ അനുവദനീയമല്ലാത്ത രീതിയിൽ ദിവസവേതനത്തിന് ചെലവഴിച്ച തുക 46450/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് പഞ്ചായത്തിന് അധിക ബാധ്യത

പഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന രണ്ട് കുടിവെള്ള പദ്ധതികളുണ്ട് - പടിക്കൽപാടം കുടിവെള്ള പദ്ധതി, ചന്തപ്പേട്ടവട്ടാരം കുടിവെള്ള പദ്ധതി. വാട്ടർ അതോറിറ്റിയുടെ നാല് ബൾക്ക് മീറ്ററുകൾക്ക് വാട്ടർ ചാർജ്ജ് അടവാക്കുന്നുണ്ട്, വാട്ടർ അതോറിറ്റിയുടെ 6 പൊതുടാപ്പുകൾക്കും വാട്ടർ ചാർജ്ജ് അടവാക്കുന്നുണ്ട്. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി 2017-18ലെ ആവർത്തന ചെലവുകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പമ്പ് ഓപ്പറേറ്റർ വേതനം, മീറ്റർ റീഡിംഗ് വേതനം | 146000 |
| അറ്റകുറ്റപണികൾ (എഎംസി) | 39061 |
| ഇലക്ട്രിസിറ്റി ചാർജ് | 250700 |
| കേരള വാട്ടർ അതോറിറ്റി വാട്ടർ ചാർജ്ജ് | 334531 |
| പ്രോജക്റ്റ് വച്ച് അടവാക്കിയത് | 933164 |
| പൊതുടാപ്പ് വാട്ടർ ചാർജ്ജ് | 35685 |
| ആകെ ചെലവ് | 1739141 |

2017-18-ലെ വെള്ളക്കരം വരവുമായി താരതമ്യം ചെയ്യുമ്പോൾ ചെലവ് വളരെ കൂടുതലാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| തൻവർഷ വരവ് | 543935 |
| കുടിശ്ശിക വരവ് | 313959 |
| ആകെ വരവ് | 857894 |
| ചെലവ് | 1739141 |
| വ്യത്യാസം | 881247 |

സർക്കാർ ഉത്തരവ് (സാധാ) 1275/2009/ത.സ്വ.ഭ.വ തീയ്യതി 30.05.2009

പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തനതു വരുമാനം താരതമ്യേനെ കുറവുള്ള ഗ്രാമ പഞ്ചായത്തിന് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് വലിയൊരു ബാധ്യതയാകാതിരിക്കാൻ അടിയന്തിരമായി ഗുണഭോക്തൃസമിതി രൂപീകരിച്ച് കുടിവെള്ള പദ്ധതികളുടെ ആസ്തി -ബാധ്യതകൾ നിർണ്ണയിച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിനുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിട്ടുള്ളതാണെങ്കിലും നാളിതുവരെയായും നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 3-16 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഓഡിറ്റ് അന്വേഷണം ന.11/27.11.18 നൽകിയതിന് മറുപടി ലഭ്യമായിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് | തുക | ട്രഷറി ബിൽ | സ്ഥാപനം |
|---|---|---|---|---|
| 1. | പി.എം.എ.വൈ പദ്ധതി - പഞ്ചായത്ത് വിഹിതം (8/18) | 110000 | 12/24.8.17 | ബ്ലോക്ക് പഞ്ചായത്ത്, കൊല്ലങ്കോട്. |
| 2. | പി.എം.എ.വൈ പദ്ധതി –(പട്ടിക ജാതി) പഞ്ചായത്ത് വിഹിതം (126/18) | 160000 | 15/28.9.17 | |

## 3-17 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല.

താഴെ പറയുന്ന കുടിവെള്ള പദ്ധതികൾക്കായി ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകുമ്പോൾ

പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഏജൻസിയുമായി ഉടമ്പടി വെയ്ക്കേണ്ടതാണ് ആയത് ചെയ്തിട്ടില്ല. തുകകളുടെ വിനിയോഗം, പ്രവൃത്തിയുടെ പൂർത്തീകരണം - രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയവ ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം.11/27.11.2018 നൽകിയതിന് മറുപടി ലഭ്യമായിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് | തുക | ട്രഷറി ബിൽ | സ്ഥാപനം |
|---|---|---|---|---|
| 1. | കോഴിക്കട നൊച്ചിയോട് എസ്.സി. കോളനി കുടിവെള്ള പദ്ധതി (146/18) | 477000 | 29/28.2.17 | ജില്ലാ ഓഫീസർ, ഗ്രൗണ്ട് വാട്ടർ അതോറിറ്റി, പാലക്കാട്. |
| 2. | വിക്കാപ്പ് എസ്.സി. കോളനി കുടിവെള്ള പദ്ധതി (147/18) | 285000 | 28/28.2.18 | |
| 3. | തമ്പാൻ കുളമ്പ് എസ്.സി. കോളനി കുടിവെള്ള പദ്ധതി (148/18) | 88000 | 30/28.3.18 | |
| 4. | തമ്പാൻ കുളമ്പ് എസ്.സി. കോളനി കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ, മോട്ടോർ റൂം സ്ഥാപിക്കൽ (150/18) | 146667 | 34/28.3.18 | |
| 5. | വീട്ടിയോട് ലക്ഷംവീട് കോളനി കുടിവെള്ള പദ്ധതി (149/18) | 270000 | vr.No. 21701010/ 28.2.18 | |

## 3-18 അഡ്വാൻസ് നൽകി പ്രവൃത്തി നടന്നിട്ടില്ല.

പദ്ധതി - പഞ്ചായത്ത് ഫെസിലിറ്റേഷൻ സെന്റർ, ഫ്രണ്ട് ഓഫീസ് ഹാൾ

പാർട്ടീഷൻ വർക്ക്
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 544847 (ലോക ബാങ്ക് സഹായം)

ചെലവ് - 435877/-രൂ.

മേൽ പദ്ധതി പ്രവൃത്തി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ മുഖേന നടപ്പിലാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ 31.10.2017 ലെ തീരുമാനം 3 പ്രകാരം അംഗീകരിക്കുകയും, സ്ഥാപനം 9.11.2017ലെ FIT/MKT/03/17-18/143 നമ്പർ കത്ത് പ്രകാരം 544847/- രൂപയുടെ പ്രൊഫോർമ ഇൻവോയ്സ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറി 14.12.2017 തിയതിയിൽ വർക്ക് ഓർഡർ (നം. എ1-316/17) അയച്ചിട്ടുണ്ട്.

20.12.2017-ൽ മാനേജിംഗ് ഡയറക്ടർ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, ആലുവ (സപ്ലൈയർ), പുതുനഗരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി (പർച്ചേസിംഗ് ഓഫീസർ) എന്ന പ്രകാരം എഗ്രിമെന്റ് ചെയ്തിട്ടുണ്ട്.

ഇൻവോയ്സ് തുകയുടെ 80% ആയ 4,35,877/- രൂപ അഡ്വാൻസായി (ട്രഷറി ബിൽ നം.24/30.12.17) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തൈക്കാട്ടുകര ശാഖയിലെ അക്കൗണ്ട് നം.57027656313ലേക്ക് 30.12.2017 ൽ ഡിജിറ്റൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. തുക കൈപ്പറ്റിയതിന് സ്ഥാപനത്തിന്റെ രശീതി ലഭ്യമാക്കിയിട്ടില്ല.

<u>ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ.</u>

1. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, ആലുവ എന്ന സ്ഥാപനത്തിന് wooden furniture സപ്ലൈ ചെയ്യുന്നതിനുള്ള Rate contract മാത്രമാണുള്ളത് ( G.O(Rt)No.12/2017/SPD/07.03.2017).

2. മരാമത്ത് പ്രവൃത്തി ചെയ്യുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ അംഗീകാരം ലഭിച്ചതായി കാണുന്നില്ല.

3. എഗ്രിമെന്റിൽ സാധനങ്ങൾ സപ്ലൈ ചെയ്യുന്നത് സംബന്ധിച്ച വ്യവസ്ഥകൾ മാത്രമാണുള്ളത്, പ്രവൃത്തി ചെയ്യുന്നത് സംബന്ധിച്ച യാതൊരു വ്യവസ്ഥകളും ഇല്ല.

4. എസ്റ്റിമേറ്റ് സംഖ്യയുടെ 80% മുൻകൂർ നൽകി ഒരുവർഷമായിട്ടും നാളിതുവരെയായും പ്രവൃത്തി തുടങ്ങിയിട്ടില്ല.

അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ലാത്ത സ്ഥാപനത്തിന് പ്രവൃത്തി ഏല്പ്പിച്ച് മുൻകൂർ നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, പ്രവർത്തി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്. നാളിതുവരെ പദ്ധതി ആരംഭിക്കാത്ത സാഹചര്യത്തിൽ 4,35,877/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് അന്വേഷണം നം.15/28.11.18 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

2017-18 വർഷത്തിൽ സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ടിന്റെ വിവരം താഴെ ചേർക്കുന്നു

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 50000 | പാൽ സബ്സിഡി (52/17) | 50000 | 0 |
| | 1100000 | ഉഴവ്കൂലി | 1100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 770000 | ഉഴവ് കൂലി(2/18) | 770000 | 0 |
| | 50000 | പാൽ സബ്സിഡി (52/18) | 50000 | 0 |
| | 115000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 115000 | 0 |
| | 200000 | സാന്ത്വന പരിചരണം | 200000 | 0 |

| | | | | |
|---|---|---|---|---|
| | 1159400 | വനിത തൊഴിൽശാല നിർമ്മാണം (115/18) | 0 | 1159400 |

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഒന്നുമില്ല

# 4-4 വായ്പ

ഇ.എം.എസ് വായ്പ

| ലോൺ തുക | 1.4.17 ന് ഒടുക്കാനുള്ള തുക | തൻവർഷം ഒടുക്കിയത് | ബാലൻസ് |
|---|---|---|---|
| 10276500 | 2042250 | 1030000 | 2042250 |

# 4-5 സ്ഥിരനിക്ഷേപം

ഒന്നുമില്ല

# 4-6 നിക്ഷേപ പ്രവൃത്തികളുടെ വിവരം

| ക്രമ നം. | പ്രോജക്റ്റ് | തുക | ട്രഷറി ബിൽ | സ്ഥാപനം |
|---|---|---|---|---|
| 1. | കോഴിക്കട നൊച്ചിയോട് എസ്.സി കോളനി കുടിവെള്ള പദ്ധതി(146/18) | 477000 | 29/28.2.17 | ജില്ലാ ഓഫീസർ, ഗ്രൗണ്ട് വാട്ടർ അതോറിറ്റി, പാലക്കാട്. |

| | | | |
|---|---|---|---|
| 2. | വിക്കാപ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി(147/18) | 285000 | 28/28.2.18 |
| 3. | തമ്പാൻ കുളമ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി(148/18) | 88000 | 30/28.3.18 |
| 4. | തമ്പാൻ കുളമ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ, മോട്ടോർ റൂം സ്ഥാപിക്കൽ (150/18) | 146667 | 34/28.3.18 |
| 5. | വീട്ടിയോട് ലക്ഷംവീട് കോളനി കുടിവെള്ള പദ്ധതി (149/18) | 270000 | vr.No. 21701010/ 28.2.18 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 2563/-രൂപ ഈടാക്കിയിട്ടുണ്ട്. കൂടാതെ 9195/- രൂപ ആദായ നികുതിയായി ഈടാക്കി ഒടുക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2016-17 | 3-9 | 1243 | സുഷമ | 117070104479/12.12.17 |
| | 2-2 | 240 | Profession tax-contractors | 117070106037/6.3.18 |
| | 3-7 | 9195 | Income tax - contractor | 117070106099/8.3.18 |
| | 2-2 | 240 | Profession tax-contractors | 117070106112/9.3.18 |
| | 2-2 | 240 | Profession tax-contractors | 117070106232/14.3.18 |
| | 2-2 | 600 | Profession tax-contractors | 117070106298/17.3.18 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഒന്നുമില്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 46983230 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 44731509 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 66686 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 699500 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 61686 | ശ്രീമതി.അനുഷ.ആർ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | | 5000 | ഡോ. സത്യംഗപാണി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| | ആകെ | **66686** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 217173 | ശ്രീമതി.അനുഷ.ആർ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | 4,35,877 | ശ്രീ എൻ.എൻ. മുഹമ്മദ് കാസിം, സെക്രട്ടറി |
| 3-14 | 46450 | ശ്രീ എൻ.എൻ. മുഹമ്മദ് കാസിം,സെക്രട്ടറി |
| ആകെ | **699500** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | നികുതി | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഒന്നുമില്ല | | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
------

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| ഡോ. സത്യംഗപാണി<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി | അസിസ്റ്റന്റ് സർജൻ<br>ജനറൽ ഹോസ്പിറ്റൽ<br>ആലപ്പുഴ | ഡോ.സത്യംഗപാണി<br>അസിസ്റ്റന്റ് സർജൻ<br>സ്റ്റാഫ് ക്വാട്ടേഴ്സ്,<br>ജനറൽ ഹോസ്പിറ്റൽ<br>ആലപ്പുഴ |
| ശ്രീമതി.അനുഷ.ആർ<br>അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>കൊട്ടുവായൂർ<br>ഗ്രാമപഞ്ചായത്ത് | അരിയൻപള്ളം<br>ചിറ്റൂർ (പി.ഒ)<br>പാലക്കാട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ്<br>വർഷം | ഈ വകുപ്പിൽ നിന്നും<br>പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ<br>വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LF P9-217/06/22.7.06/8.8.06<br>LF P8-723/97/5.6.00 | ഓഡിറ്റ് റിപ്പോർട്ട് |
| 1997-98 | LF P9-1271/06/5.7.07 | ശുദ്ധിപത്രം |
| 1998-99 | LF P9-725/05/13.2.06/2.5.06 | ഓഡിറ്റ് റിപ്പോർട്ട് |
| 1999-00 | LFP19/1068/12/4.7.12 | പകർപ്പ് അനുവദിച്ച കത്ത് |

| | | |
|---|---|---|
| 2000-01 | LFP19/1967/13/11.7.14/ 10.12.14 | പുനരഭിപ്രായം |
| 2001-02 | LFP19/1631/13/11.7.14/ 28.11.14 | പുനരഭിപ്രായം |
| 2002-03 | LFP19/1632/13/17.11.14/ 28.11.14 | പുനരഭിപ്രായം |
| 2003-04 | LFP19/1628/13/17.11.14/ 4.12.14 | പുനരഭിപ്രായം |
| 2004-05 | LFP19/1546/13/19.11.14/ 28.11.14 | പുനരഭിപ്രായം |
| 2005-06 | LFP19/1388/13/28.11.14/ 4.12.14 | പുനരഭിപ്രായം |
| 2006-07 | LFP19/141/15/26.6.15/6.7.15 | സാധൂകരണം സംബന്ധിച്ച് ഹെഡാഫീസിലേക്ക് കത്ത് |
| 2007-08 | LFP19/1387/13/24.11.14/ 4.12.14 | പുനരഭിപ്രായം |
| 2008-09 | LFP19/1378/13/17.11.14/ 28.11.14 | പുനരഭിപ്രായം |
| 2009-10<br>2010-11 | LFP19/2205/13/16.12.14/ 6.2.15 | പുനരഭിപ്രായം |
| 2011-12 | LFP19/350/15/13.4.15/18.4.15 | ഖ-3(6) ഒഴിവാക്കിക്കൊണ്ട് കത്ത് |
| 2012-13 | നം.എൽ.എഫ്.പി.17/391/15 dtd 18.05.2015 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14<br>2014-15 | കെ.എസ്.എ.പി.കെ.ഡി/19-1232/2016 dtd 31.07.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ.പി.കെ.ഡി/19-9/ 2017 dtd 31.12.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ.ഡി-പി.കെ.ഡി 19-2032/2017 dtd 23.10.2017. | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018ലെ സ.ഉ(സാധാ)1413/2018 /ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1) തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. പ്രൊവിഷൻ തുക കണക്കാക്കിയതിനുള്ള വർക്ക്ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ capital work in progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുകയും ഫൈനൽ ബിൽ നൽകുന്ന മുറയ്ക്ക് തുകകൾ അതാത് ആസ്തികളിലേയ്ക്ക് വരവ് വയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിലും വർക്ക്ഷീറ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം - 2

# വാർഷികകണക്കുകൾ

| **RECEIPT & PAYMENT STATEMENT** | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 4692012.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 812630.00 |
| 130000000 | Rental income from Panchayat Properties | RP-3 | 482650.00 |
| 140000000 | Fees & User Charges | RP-4 | 305080.00 |
| 150000000 | Sale & Hire Charges | RP-5 | 48589.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 29721172.00 |
| 171000000 | Interest Earned | RP-9 | 55973.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5778136.00 |
| 350000000 | Other Liabilities | RP-36 | 169665.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 13463.00 |
| 340000000 | Deposits Received | RP-34 | 278689.00 |
| 350000000 | Other Liabilities | RP-36 | 220545.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3405046.00 |
| 460000000 | Loans, Advances and Deposits | RP-47 | 999580.00 |
| | **Grand total** | | **46983230.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3413872.00 |
| 220000000 | Administrative Expenses | RP-12 | 1295029.00 |
| 230000000 | Operations & Maintenance | RP-13 | 1737080.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5035000.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 9063331.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 821880.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1693615.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 497940.00 |
| Page No : 1 | | | |
| Digitally signed by N N M Date: 2018.06.04 12:08:4 | | | |
| Reason: Approval Location: Kerala | | | |
| 255000000 | Maintenance Projects | RP-20 | 4046739.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 205000.00 |
| 280000000 | Prior Period item | RP-26 | 7000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 315.00 |
| 350000000 | Other Liabilities | RP-36 | 4229127.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 0.0 |
| 330000000 | Secured Loans | RP-32 | 1030000.00 |
| 340000000 | Deposits Received | RP-34 | 141450.00 |
| 350000000 | Other Liabilities | RP-36 | 1925709.00 |
| 410000000 | Fixed Assets | RP-38 | 6363098.00 |
| 412000000 | Capital work in Progress | RP-40 | 435877.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1791720.00 |
| 460000000 | Loans, Advances and Deposits | RP-47 | 997727.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 2251721.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **46983230.00** |

# Income & Expenditure Statement

| Description of Items | Schedule No | Amount |
|---|---|---|
| **INCOME** | | |
| Tax Revenue | I-1 | 2628663.00 |
| Rental Income from Panchayat / Municipal Properties | I-3 | 1076069.00 |
| Fee & User Charges | I-4(b) | 1249140.00 |
| Sale & Hire Charges | I-5(b) | 48589.00 |
| Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 68000172.00 |
| Interest Earned | I-8 | 55973.00 |
| Other Income | I-9 | 13463.00 |
| **Total Income** | | **73072069.00** |
| **EXPENDITURE** | | |
| Establishment Expenses | I-10(b) | 9108169.00 |
| Administrative Expenses | I-11(b) | 1305349.00 |
| Operations & Maintenance | I-12(b) | 2125761.00 |
| Interest & Finance Charges | I-13 | 0.0 |

| | | |
|---|---|---|
| Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6969330.00 |
| Decentralised Plan Programme-Service Sector | I-14(a) | 21863147.00 |
| Decentralised Plan Programme-Infrastructure Sector | I-14(b) | 821880.00 |
| Decentralised Plan Programme-Projects not included in Sector Division | I-14(c) | 1693615.00 |
| Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 27328640.00 |
| Maintenance Projects | I-14(e) | 4046739.00 |
| Other Revenue Grants and Funds - Revenue Expenses | I-15(a) | 205000.00 |
| Depreciation | I-17(a) | 4299841.00 |
| **Total Expenditure** | | **79767471.00** |
| **Gross Surplus/ Deficit of income over Expenditure** | | **-6695402.00** |
| Prior Period Item | I-18 | 113748.00 |
| **Gross Surplus/Deficit of Income over Expenditure after prior period items.** | | **-6809150.00** |
| Transfer to Reserve Funds | I-18(a) | 0.0 |

# Balance Sheet

| Description of Items | Schedule No | Amount |
|---|---|---|
| **LIABILITIES** | | |
| **Reserve & Surplus** | | |
| Panchayat / Municipal Fund | B-1 | 1433647.60 |
| Reserves | B-3 | 25022702.00 |
| **Total Reserve & Surplus** | | **26456349.60** |
| **Grants, Contributions for Specific Purposes** | | |
| Grants, Funds & Contribution for Specific Purposes | B-4 | 2798186.00 |
| **Total Grants, Contributions for Specific Purposes** | | **2798186.00** |
| **Loans** | | |
| Secured Loans | B-5 | 2042250.00 |
| **Total Loans** | | **2042250.00** |
| **Current Liabilities & Provisions** | | |
| Deposits Received | B-7 | 714007.00 |
| Deposits Works | B-8 | 0.0 |
| Other Liabilities | B-9 | 1093905.40 |
| **Total Current Liabilities and Provisions** | | **1807912.40** |
| **TOTAL LIABILITIES** | | **33104698.00** |
| **ASSETS** | | |
| **Fixed Assets** | | |
| Fixed Assets | B-11 | 28328020.00 |
| Accumulated Depreciation | B-11 | -4299841.00 |
| Capital Work in Progress | B-11(a) | 435877.00 |
| **Total Fixed Assets** | | **24464056.00** |

| | | |
|---|---|---|
| **Investments** | | |
| **Current Assets, Loans and Advances** | | |
| Stock-in-hand | B-14 | 149341.00 |
| Sundry Debtors (Receivables) | B-15 | 3981282.00 |
| Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| Pre-paid Expenses | B-16 | 2042250.00 |
| Cash and Bank Balance | B-17 | 2251721.00 |
| Loand, Advances and Deposits | B-18 | 216048.00 |
| **Total Current Assets, Loans and Advances** | | **8640642.00** |
| | | |
| **Total Current Assets, Loans and Advances** | | **0.0** |
| **Other Assets** | | |
| **Miscellaneous Expenditure (To the Extent not written off)** | | |
| **TOTAL ASSETS** | | **33104698.00** |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്